# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

## ആല ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

**2024-2025**



**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**ആലപ്പുഴ-688001**

**ഇ-മെയിൽ: ddhglfalpy@gmail.com**
**ഫോൺ : 0477-2252753**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ/എ.എൽ.പി /പി5/1303/2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 16/12/2025
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ആല ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : ആല ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ആല ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, ആലപ്പുഴ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ/എ.എൽ.പി /പി5/1303/2025 തീയ്യതി: 16/12/2025

## ആലപ്പുഴ ജില്ലയിലെ ആല ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13** , **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18**, (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ ആല ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2024 മുതൽ 31-03-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 18 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 11 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 28-10-2025 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| സജിത ദാസ് | ഡെപ്യൂട്ടി ഡയറക്ടർ | 21-10-2025 | 28-10-2025 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 21-10-2025 | 28-10-2025 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

മിനി പി.രാധാകൃഷ്ണൻ, ഓഡിറ്റ് ഓഫിസർ (ഹ.ഗ്രേ)
സിന്ധ്യ പി., അസിസ്റ്റന്റ് ഓഡിറ്റ് ഓഫിസർ
മനേഷ് കുമാർ ജി., അസിസ്റ്റന്റ് ഓഡിറ്റ് ഓഫിസർ
ജിനിൽ ആന്റണി, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| കെ.ആർ.മുരളീധരൻപിള്ള | പ്രസിഡന്റ് | 01-04-2024 | 31-03-2025 |
| പി.ജി.ഉണ്ണികൃഷ്ണപിള്ള | സെക്രട്ടറി | 01-04-2024 | 31-03-2025 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഡോ.സജിൻ മാത്യു | വെറ്റിനറി സർജൻ | 01-04-2024 | 31-03-2025 |
| ശ്രീമതി ശ്രീലക്ഷ്മി | കൃഷി ഓഫീസർ | 01-04-2024 | 31-03-2025 |
| ശ്രീമതി സൂസൻ.കെ.ജോർജ്ജ് | ഹെഡ് മിസ്ട്രസ് | 01-04-2024 | 31-03-2025 |
| ശ്രീ.ശ്രീകാന്ത് | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 01-04-2024 | 31-03-2025 |
| ശ്രീമതി ഷീജ.എ.കെ | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2024 | 31-03-2025 |
| ശ്രീ,ജയൻ ഡി നായർ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2024 | 31-03-2025 |
| ശ്രീമതി മിനിമോൾ.എം.എസ് | ഐ.സി.ഡി.എസ്സ്. സൂപ്പർവൈസർ | 01-04-2024 | 08-04-2024 |
| ശ്രീമതി പ്രീതാകുമാരി | ഐ.സി.ഡി.എസ്സ്. സൂപ്പർവൈസർ | 09-04-2024 | 19-12-2024 |

| | | | |
|---|---|---|---|
| ശ്രീമതി ഗീതാശ്രീ.എസ് | ഐ.സി.ഡി.എസ്സ്. സൂപ്പർവൈസർ | 20-12-2024 | 31-03-2025 |
| ശ്രീ. അനിൽ പിള്ള | മെഡിക്കൽ ഓഫീസർ , എഫ്.എച്ച്.സി | 01-04-2024 | 31-03-2025 |
| അഭിലാഷ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2024 | 31-03-2025 |
| ശ്രീ.അഖിൽ. വി.പിള്ള | വില്ലേജ്എക്സറ്റൻഷൻ ഓഫീസർ ആല സർക്കിൾ | 01-04-2024 | 31-03-2025 |
| ശ്രീ.സനൽ ചന്ദ്ര ബാബു | വില്ലേജ് എക്സറ്റെൻഷൻ ഓഫീസർ കോടുകുളഞ്ഞി സർക്കിൾ | 01-04-2024 | 31-03-2025 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | 1-1 |
| 2 | ലോൺ -ബി-16, ബി-5 എന്നീ ഷെഡ്യൂളുകളിൽ ഉൾപ്പെടുത്തിയിട്ടുള്ള തുകകൾ പൊരുത്തപ്പെടുന്നില്ല | 1-1-1 |
| 3 | ബിഡ്സ്ലേഴ്സ് ഇ.എം.ഡി - ഡെപ്പോസിറ്റ് രജിസ്റ്റർ, വാർഷിക കണക്ക് എന്നിവ തമ്മിൽ പൊരുത്തപ്പെടുന്നില്ല | 1-1-2 |
| 4 | സി.എഫ്.സി ഗ്രാന്റ് വരവ് എ.സി.ആർ, എ.എഫ്.എസ് എന്നിവ തമ്മിൽ വ്യത്യാസപ്പെട്ടിരിക്കുന്നു | 1-1-3 |
| 5 | ഡവലപ്മെന്റ് ഫണ്ട് ജനറൽ, സി.എഫ്.സി ഗ്രാന്റ് - ചെലവ് തുക സുലേഖ ചെലവ് പത്രിക, എ.എഫ്.എസ് എന്നിവ തമ്മിൽ വ്യത്യാസപ്പെട്ടിരിക്കുന്നു | 1-1-4 |
| 6 | ബജറ്റ് | 1-2 |
| 7 | സാമ്പത്തിക വിശകലനം (റസിപ്റ്റ് & പേയ്മന്റ് പത്രിക പ്രകാരം) | 1-3 |
| 8 | ഫണ്ട് വിനിയോഗം (വാർഷിക കണക്ക് പ്രകാരം ) | 1-4 |
| 9 | പദ്ധതി അവലോകനം | 1-5 |
| 10 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 11 | മറ്റ് ക്ഷേമപദ്ധതികൾ | 1-7 |
| 12 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 13 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 14 | വസ്തുനികുതി പരിഷ്ക്കരണം പൂർത്തിയാക്കിയില്ല | 1-10 |
| 15 | അർദ്ധവാർഷിക വരുമാനത്തിനനുസൃതമായി തൊഴിൽ നികുതി ഈടാക്കിയില്ല | 1-11 |
| 16 | ടവർ നിർമ്മാണം-വസ്തുനികുതി ചുമത്തിയില്ല | 1-12 |
| 17 | ലോൺ - വരവിന്റെ കൃത്യത ലഭ്യമല്ല | 1-13 |
| 18 | കാലഹരണപ്പെട്ട ഡെപ്പോസിറ്റ് മുതൽകൂട്ടിയില്ല | 1-14 |
| 19 | ഫെസ്റ്റിവൽ അഡ്വാൻസ് അഡ്ജസ്റ്റ് ചെയ്തില്ല | 1-15 |
| 20 | ഓഡിറ്റ് ഇംപാക്ട് - പ്രൊവിഡൻസ് കോളേജ് ക്രമവൽക്കരണ ഫീ 8,52,171 /- രൂപ ഒടുക്കി | 1-16 |
| 21 | എം.സി.എഫിലേക്ക് വാങ്ങിയ ബെയിലിംഗ് മെഷീൻ നാളിതുവരെ സ്ഥാപിച്ചിട്ടില്ല | 1-17 |
| 22 | ക്വട്ടേഷൻ/ടെൻഡർ നടപടികൾ സ്വീകരിച്ചപ്പോൾ കുറഞ്ഞ നിരക്ക് പരിഗണിച്ചില്ല | 1-18 |
| 23 | സ്ക്രീനിംഗ് ഓഫ് ലൈഫ് സ്റ്റൈൽ ഡിസീസസ്- ബ്ലഡ് സാമ്പിൾ പരിശോധന രേഖകൾ ലഭ്യമല്ല | 1-19 |
| 24 | മുൻകൂർ നൽകിയ തുകയ്ക്കുള്ള മരുന്ന് ലഭിച്ചില്ല | 1-20 |
| 25 | ആല എഫ്.എച്ച്.സി ക്ക് ഓട നിർമ്മാണം - കരാർ വെച്ചെങ്കിലും പ്രവൃത്തി ഏറ്റെടുത്തില്ല | 1-21 |
| 26 | ഡെപ്പോസിറ്റ് വർക്ക് - വിനിയോഗസാക്ഷ്യപത്രം ലഭിച്ചില്ല | 1-22 |
| 27 | ലൈഫ് ഭവനപദ്ധതി - മുൻകൂർ കൈപ്പറ്റിയവർ ഭവനനിർമ്മാണം ആരംഭിച്ചില്ല | 1-23 |
| 28 | ഭവനപുനരുദ്ധാരണ പദ്ധതി പൂർത്തീകരിച്ചില്ല | 1-24 |
| 29 | ഹെൽത്ത് ഗ്രാന്റ്- അവലോകനം. | 1-25 |
| 30 | ജൽജീവൻ പദ്ധതി-അവലോകനം | 1-26 |
| | **ഭാഗം 2** | |
| 1 | അർദ്ധവാർഷിക വരുമാനത്തിനനുസൃതമായി തൊഴിൽ നികുതി ഈടാക്കിയില്ല | 2-1 |
| | **ഭാഗം 3** | |
| 1 | ക്വട്ടേഷൻ/ടെൻഡർ നടപടികൾ സ്വീകരിച്ചപ്പോൾ കുറഞ്ഞ നിരക്ക് പരിഗണിച്ചില്ല | 3-1 |
| | **ഭാഗം 4** | |
| 1 | മെഡിസെപ്പ് പ്രീമിയം ഒടുക്കിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ/വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

| | |
|---|---|
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |

## ഭാഗം -1
## പൊതു അവലോകനം

### 1-1 ഓഡിറ്റ് സാക്ഷ്യപത്രം

I) കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215 (4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 04-06-2025 ലെ ഒന്നാം നമ്പർ കമ്മറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 09-06-2025 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള ആല ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2025 അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2025 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

II) കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C & AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

III) എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

### വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, ആല ഗ്രാമപഞ്ചായത്തിന്റെ 2024-25 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

### 1-1-1 ലോൺ -ബി-16, ബി-5 എന്നീ ഷെഡ്യൂളുകളിൽ ഉൾപ്പെടുത്തിയിട്ടുള്ള തുകകൾ പൊരുത്തപ്പെടുന്നില്ല

ലോൺ രജിസ്റ്റർ പ്രകാരം വർഷാവസാനം തിരികെ അടക്കാൻ അവശേഷിക്കുന്ന തുക 73,03,433 രൂപയാണ്. ഈ തുകയാണ് ലോൺ സംബന്ധിച്ച ആസ്തി ബാധ്യതകൾ കാണിക്കുന്ന ബി-16, ബി-5 എന്നീ ഷെഡ്യൂളുകളിൽ ഉൾപ്പെടുത്തേണ്ടത്. ബി-5 ഷെഡ്യൂളിൽ 73,03,433 രൂപ ബാധ്യതയായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ബി-16 ൽ 67,60,559 രൂപയാണ് രേഖപ്പെടുത്തിയിട്ടുള്ളത്. വ്യത്യാസത്തിന്റെ കാരണം വ്യക്തമാക്കിയിട്ടില്ല.

### 1-1-2 ബിഡ്ഡേഴ്സ് ഇ.എം.ഡി - ഡെപ്പോസിറ്റ് രജിസ്റ്റർ, വാർഷിക കണക്ക് എന്നിവ തമ്മിൽ പൊരുത്തപ്പെടുന്നില്ല

ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരം ബിഡ്ഡേഴ്സ് ഇ.എം.ഡി. ഇനത്തിൽ നീക്കി ബാക്കി 30,835 രൂപയാണ്. ബാലൻസ് ഷീറ്റിൽ 30,435 രൂപയാണ് നീക്കി ബാക്കി. വ്യത്യാസത്തിന്റെ കാരണം വ്യക്തമാക്കിയില്ല.

**1-1-3 സി.എഫ്.സി ഗ്രാന്റ് വരവ് എ.സി.ആർ, എ.എഫ്.എസ് എന്നിവ തമ്മിൽ വ്യത്യാസപ്പെട്ടിരിക്കുന്നു**

സി.എഫ്.സി ഗ്രാന്റ് വരവ് എ.സി.ആർ, എ.എഫ്.എസ് (ഷെഡ്യൂൾ ആർ.പി 30) എന്നിവ തമ്മിൽ വ്യത്യാസപ്പെട്ടിരിക്കുന്നു. എ.സി.ആർ പ്രകാരം 50,98,157 രൂപയും എ.എഫ്.എസ് 52,11,516 രൂപയും വരവു രേഖപ്പെടുത്തിയിട്ടുണ്ട്. വ്യത്യാസത്തിന്റെ കാരണം വ്യക്തമാക്കിയിട്ടില്ല.

**1-1-4 ഡവലപ്മെന്റ് ഫണ്ട് ജനറൽ, സി.എഫ്.സി ഗ്രാന്റ് - ചെലവ് തുക സുലേഖ ചെലവ് പത്രിക, എ.എഫ്.എസ് എന്നിവ തമ്മിൽ വ്യത്യാസപ്പെട്ടിരിക്കുന്നു**

ഡവലപ്മെന്റ് ഫണ്ട് ജനറൽ, സി.എഫ്.സി ഗ്രാന്റ് എന്നിവയുടെ ചെലവ് സുലേഖ ചെലവ് പത്രിക, എ.എഫ്.എസ് (I-6 ഷെഡ്യൂൾ, B-3 ഷെഡ്യൂൾ) എന്നിവ തമ്മിൽ വ്യത്യാസപ്പെട്ടിരിക്കുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| ഇനം | വാർഷിക കണക്ക് പ്രകാരം ചെലവ് | സുലേഖ ചെലവ് പത്രിക |
|---|---|---|
| ഡവലപ്മെന്റ് ഫണ്ട് ജനറൽ | 95,95,436 | 89,44,605 |
| സി.എഫ്.സി ഗ്രാന്റ് | 47,99,951 | 30,76,025 |

വ്യത്യാസത്തിന്റെ കാരണം വ്യക്തമാക്കിയിട്ടില്ല.

**1-2 ബജറ്റ്**

2024-25 വർഷത്തെ ബജറ്റ് 12.02.2024 തീയതിയിലെ 1(1) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. 7.03.2025 തീയതിയിലെ 2(1) നമ്പർ തീരുമാന പ്രകാരം പുതുക്കിയ ബജറ്റ് അംഗീകരിച്ചു. ബജറ്റിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | വരവ് (രൂപ) | ചെലവ്(രൂപ) |
|---|---|---|
| പുതുക്കിയ ബജറ്റ് പ്രകാരം | 16,86,26,975 | 11,85,53,734 |
| വാർഷിക കണക്ക് പ്രകാരം (ഇൻകം&എക്സ്പെന്റിച്ചർ) | 11,36,90,451 | 1,18,99,6131 |

**1-3 സാമ്പത്തിക വിശകലനം (റസിപ്റ്റ് & പേയ്മന്റ് പത്രിക പ്രകാരം)**

| | |
|---|---|
| മുന്നിരിപ്പ് (രൂപ) | 65,09,640 |
| വരവ് (രൂപ) | 4,33,10,033 |
| ആകെ (രൂപ) | 4,98,19,673 |
| ചെലവ് (രൂപ) | 3,30,91,926 |
| നീക്കിയിരിപ്പ്(രൂപ) | 1,67,27,747 |

**1-4 ഫണ്ട് വിനിയോഗം (വാർഷിക കണക്ക് പ്രകാരം )**

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് (₹) | ആകെ (₹) | ചെലവ്(₹) | നീക്കി യിരിപ്പ്(₹) B-4 പ്രകാരം | ലാപ്സായ തുക (₹) |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 94,31,000 | 94,31,000 | 94,31,000 | 0 | 0 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 75,05,000 | 75,05,000 | 75,05,000 | 0 | 0 |
| മെയിന്റനൻസ് ഗ്രാന്റ്-(റോഡ്) | 0 | 1,15,96,000 | 1,15,96,000 | 1,13,54,266 | | 2,41,734 |
| മെയിന്റനൻസ് ഗ്രാന്റ്-(നോൺ-റോഡ്) | 0 | 43,05,000 | 43,05,000 | 39,72,318 | | 3,32,682 |
| സി.എഫ്.സി –ബേസിക്ക് ഗ്രാന്റ് | 2,83,712 | 17,02,516 | 19,86,228 | 18,74,029 | 1,12,199 | |
| സി.എഫ്.സി –ടൈഡ് ഗ്രാന്റ് | 17,25,992 | 35,09,000 | 52,34,992 | 9,64,858 | 42,70,134 | |

**1-5 പദ്ധതി അവലോകനം**

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു. ആകെ പ്രോജക്ടുകളിൽ 56.7 ശതമാനം മാത്രമാണ് പൂർത്തിയായത്.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ (രൂപ) | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് (രൂപ) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തിയാക്കിയ പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 208 | 10,84,63,224 | 118 | 4,66,24,197 | 42 | 48 | 56.7 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരുപ്പ് (രൂപ) | വരവ് (രൂപ) | ആകെ (രൂപ) | ചെലവ് (രൂപ) | നീക്കിയിരുപ്പ് (രൂപ) |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 1,083 | 1101307+392(interest) | 11,02,782 | 8,58,502 | 2,44,280 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് | | 1,69,91,609 | 1,69,91,609 | 1,69,91,609 | |
| ആകെ | 1,083 | 1,80,93,308 | 1,80,94,391 | 1,78,50,111 | 2,44,280 |

## 1-7 മറ്റ് ക്ഷേമപദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക (രൂപ) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 27,93,400 | 171 |
| വിധവാ പെൻഷൻ | 86,69,800 | 554 |
| വാർദ്ധക്യകാല പെൻഷൻ | 2,19,68,100 | 1500 |
| വികലാംഗ പെൻഷൻ | 27,15,000 | 161 |
| അവിവാഹിത പെൻഷൻ | 1,60,000 | 12 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22.10.2025 തീയതിയിൽ 03:42 PM സമയത്ത് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ നടത്തി പരിശോധനയിൽ 15,365 /-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

താഴെപ്പറയുന്ന അപാകതകളൊഴിച്ചാൽ പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ കാര്യക്ഷമമാണ്.

1. തനതു വരുമാനം കുറവായ പഞ്ചായത്തിൽ വസ്തു നികുതി പരിഷ്കരണ നടപടികൾ എത്രയും വേഗം പൂർത്തീകരിച്ച് തനതു വരുമാനം വർദ്ധിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.
2. സ്പെഷ്യൽ ഡ്രൈവ് നടത്തി മൊബൈൽ ടവറുകൾ അസസ്സ് ചെയ്ത് വസ്തു നികുതി ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.
3. നിക്ഷേപ പ്രവൃത്തികൾക്ക് എഗ്രിമെന്റ് വെച്ചിട്ടുണ്ടെങ്കിലും പദ്ധതികളുമായി ബന്ധപ്പെട്ട് തുടർ നിരീക്ഷണം അനിവാര്യമാണ്.
4. എം.സി.എഫ് -ലേക്ക് ആവശ്യമായ ബെയിലിംഗ് മെഷീൻ വാങ്ങിയിട്ടുണ്ടെങ്കിലും അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കാനായില്ല. ആവശ്യമായ പശ്ചാത്തല സൗകര്യങ്ങൾ ഉറപ്പ് വരുത്തുന്നതിലേക്ക് ഭരണ സമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-10 വസ്തുനികുതി പരിഷ്ക്കരണം പൂർത്തിയാക്കിയില്ല

കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർച്ചാർജും)ചട്ടങ്ങളിലെ ചട്ടം 24 പ്രകാരം ഏതെങ്കിലും കെട്ടിടം പണിയുകയോ പുതുക്കി പണിയുകയോ ചെയ്യുന്ന സംഗതിയിൽ, കെട്ടിടത്തിൽ ആൾ താമസിക്കുകയോ കെട്ടിടം മറ്റേതെങ്കിലും ആവശ്യത്തിന് ഉപയോഗപ്പെടുത്തുകയോ ഇതിലേതാണോ നേരത്തെ സംഭവിക്കുന്നത് ആ തീയതി മുതൽ പതിനഞ്ച് ദിവസത്തിനകം കെട്ടിട ഉടമ സെക്രട്ടറിക്ക് അത് സംബന്ധിച്ച നോട്ടീസ് നൽകേണ്ടതുണ്ട്. മേൽപറഞ്ഞവിവരങ്ങൾ നാളിതുവരെ അറിയിക്കാതിരുന്ന കെട്ടിട ഉടമകൾക്ക് (സ.ഉ.(കൈ)77/2023/തസ്വഭവ തീയതി 22.03.23 പ്രകാരം) 2023 മെയ് 15-നകം വിവരങ്ങൾ അറിയിക്കുന്ന പക്ഷം ചട്ടങ്ങൾ പ്രകാരമുള്ള പിഴകളിൽ നിന്ന് ഒഴിവാക്കിയിരുന്നു. ഉടമ അറിയിച്ചാലും ഇല്ലെങ്കിലും ഫീൽഡ് പരിശോധന നടത്തി വിവരങ്ങൾ ഡേറ്റാബേസിൽ ഉൾപ്പെടുത്തി 30.06.2023 നകം നികുതി പുനർനിർണ്ണയിക്കേണ്ടതിനും സർക്കാർ നിർദ്ദേശിച്ചിരുന്നു. എന്നാൽ ഈ ജോലികൾ നിലവിലും പൂർത്തീകരിച്ചില്ല.

22.03.2023 ലെ സഉ(കൈ) നം.77/2023/LSGD -ൽ കെട്ടിടങ്ങളുടെ ശരിയായ വിവരം സോഫ്റ്റ്വെയറിൽ ചേർക്കുന്നതുമായി ബന്ധപ്പെട്ട മാർഗ്ഗനിർദ്ദേശങ്ങൾ (ഖണ്ഡിക 6 മുതൽ 24 വരെ) ലഭ്യമാക്കിയിരുന്നു. പ്രസ്തുത മാർഗ്ഗനിർദ്ദേശം പ്രകാരം സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ്

എൻക്വയറി (നം. 5/24.10.2025) – ക്ക് ലഭ്യമാക്കിയ മറുപടിയിൽ വിവരശേഖരണത്തിനും ഡേറ്റാ എൻട്രിക്കുമായി 4 പേരെ 19.10.2024ലെ 6-ാം നമ്പർ തീരുമാനപ്രകാരം നിയമിച്ചതായി അറിയിച്ചു. 25 രൂപ നിരക്കിൽ 5062 കെട്ടിടങ്ങളുടെ വിവരശേഖരണം പൂർത്തീകരിച്ച ഇനത്തിൽ 1,26,550/- രൂപ ചെലവഴിച്ചിട്ടുണ്ട്. വാർഡ് 1,4,5,6 എന്നിവിടങ്ങളിലെ ഉദ്യോഗസ്ഥതല പരിശോധന നടത്തിയിട്ടില്ല. ഫീൽഡ് തല പരിശോധനയിൽ മാറ്റം കണ്ടെത്തിയ കെട്ടിടങ്ങളുടെ വിവരങ്ങൾ സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തിയിട്ടില്ല. ഫീൽഡ് പരിശോധന വിവരങ്ങൾ രേഖപ്പെടുത്തുന്നതിന് സോഫ്റ്റ്‌വെയറിൽ ആവശ്യമായ സജ്ജീകരണങ്ങൾ ലഭ്യമാക്കിയിട്ടില്ല എന്നാണ് മറുപടിയിൽ അറിയിച്ചിട്ടുള്ളത്. മേൽപ്പറഞ്ഞവ നിലവിൽ പൂർത്തിയാക്കി ഡേറ്റാബേസ് അപ്ഡേറ്റ് ചെയ്യാത്തത് ഗ്രാമപഞ്ചായത്തിന്റെ തനതുവരുമാന ചോർച്ചക്ക് കാരണമാകുന്നു. പഞ്ചായത്ത് ഭരണസമിതിയുടെ അടിയന്തര ശ്രദ്ധ ഇക്കാര്യത്തിൽ ക്ഷണിക്കുന്നു. വാർഡുകളുടെ വിവരശേഖരണം പൂർത്തീകരിച്ച് വസ്തുനികുതി പരിഷ്കരിച്ച് വിവരം ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്.

**1-11 അർദ്ധവാർഷിക വരുമാനത്തിനനുസൃതമായി തൊഴിൽ നികുതി ഈടാക്കിയില്ല**

27.06.2024 തീയതിയിലെ സ.ഉ.(സാധാ)നാം.1149/2024/lsgd നമ്പർ ഉത്തരവ് പ്രകാരം പരിഷ്കരിച്ച സ്ലാബിനനുസൃതമായി 2024-25 സാമ്പത്തിക വർഷത്തെ രണ്ടാം അർദ്ധവർഷം മുതൽ തൊഴിൽ നികുതി പുതുക്കിയ നിരക്കിലാണ് ഈടാക്കേണ്ടത്. എന്നാൽ പഞ്ചായത്തിന്റെ തൊഴിൽ നികുതി സംബന്ധിച്ച രജിസ്റ്ററും ഫയലുകളും പരിശോധിച്ചതിൽ രണ്ടാം അർദ്ധവർഷം പുതുക്കിയ നിരക്കിന് അനുസൃതമായി തൊഴിൽ നികുതി ഈടാക്കാത്ത ജീവനക്കാരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ക്രമ നം. | ജീവനക്കാരന്റെ പേര് | സ്ഥാപനം | സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള അടിസ്ഥാന ശമ്പളം | അർദ്ധ വാർഷിക വരുമാനം | ഈടാക്കേണ്ട നികുതി | ഈടാക്കിയ നികുതി | രസീത് നം / തീയതി | നഷ്ടം |
|---|---|---|---|---|---|---|---|---|
| 2 | നിഷ മറിയം ജോസഫ് | ക്രൈസ്റ്റ് ചർച്ച് വിദ്യാപീഠം, കോടുകുളഞ്ഞി | 13481 | 80886 | 750 | 450 | 1070646/25/ 23.04.25 | 300 |
| 3 | മഞ്ജു എലിസബത്ത് | | 12350 | 74100 | 750 | 450 | | 300 |
| 4 | ബിജു പി.എം. | | 12609 | 75654 | 750 | 450 | | 300 |
| 5 | എലിസബത്ത് ജോളി | | 12609 | 75654 | 750 | 450 | | 300 |
| 6 | ആനി ഒ.എസ്. | | 13045 | 78270 | 750 | 450 | | 300 |
| 7 | ശില്പ ശശിധരൻ | | 12303 | 73818 | 750 | 450 | | 300 |
| 8 | ശിശികല | | 9991 | 59946 | 750 | 300 | | 450 |
| 9 | വിദ്യ പി.എം. | | 9991 | 59946 | 750 | 300 | | 450 |
| 10 | ജ്യോതിർമയി | | 10228 | 61368 | 750 | 300 | | 450 |
| 11 | വൃന്ദ രാധാകൃഷ്ണൻ | | 9686 | 58116 | 750 | 300 | | 450 |
| 12 | സരിത | | 9686 | 58116 | 750 | 300 | | 450 |
| 13 | രേഷ്മ | | 9686 | 58116 | 750 | 300 | | 450 |
| 14 | ജഷ്ന ലത്തീഫ് | | 9686 | 58116 | 750 | 300 | | 450 |
| 15 | അജിത കുമാരി | | 9686 | 58116 | 750 | 300 | | 450 |
| 16 | റേച്ചൽ | | 9686 | 58116 | 750 | 300 | | 450 |
| 17 | ഷിജിന | | 9686 | 58116 | 750 | 300 | | 450 |
| 18 | ഗിരിജ | | 8236 | 49416 | 750 | 300 | | 450 |
| 19 | രജനി | | 8236 | 49416 | 750 | 300 | | 450 |
| 21 | ഷിബു തോമസ് | | 8129 | 48774 | 750 | 300 | | 450 |
| 22 | മഞ്ചു | | 7240 | 43440 | 600 | 300 | | 300 |
| 23 | അനിത | | 7240 | 43440 | 600 | 300 | | 300 |
| 24 | സ്പിതി | | 7240 | 43440 | 600 | 300 | | 300 |
| 25 | ഗീത കുമാരി | | 8000 | 48000 | 750 | 300 | | 450 |
| 26 | സവിത | | 9000 | 54000 | 750 | 300 | | 450 |
| 27 | ബ്ലസി | | 8000 | 48000 | 750 | 300 | | 450 |
| 28 | വിജി | | 9000 | 54000 | 750 | 300 | | 450 |
| 29 | അനവദ്യ | | 9000 | 54000 | 750 | 300 | | 450 |
| 1 | വന്ദന | ശ്രീ രാഗം ഫിനാൻസേഴ്സ് ആല | | 60000 | 750 | 320 | RGO40804-25000998/ 18.08.2025 | 430 |
| 2 | രമ്യ ചന്ദ്രൻ | | | 60000 | 750 | 320 | | 430 |
| 1 | ബിന്ദു | ശ്രീ രാഗം | | 60000 | 750 | 320 | RGO40804- | 430 |

| | | | | | | | |
|---|---|---|---|---|---|---|---|
| | എം.എസ്. | ഫിനാൻസേഴ്സ് | | | | 25000998/ | |
| 2 | ബിജി | നെടുവരംകോട് | 60000 | 750 | 320 | 18.08.2025 | 430 |
| ആകെ | | | | | | | 12520 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.14/25.10.2025) മറുപടി ലഭ്യമാക്കിയില്ല. മേൽ പരാമർശിച്ച സ്ഥാപനങ്ങളിൽ നിന്നും കുറവ് വന്ന തൊഴിൽ നികുതി 12,520/- രൂപ ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

**1-12 ടവർ നിർമ്മാണം-വസ്തുനികുതി ചുമത്തിയില്ല**

ടെലികമ്മ്യൂണിക്കേഷൻ ടവറുകൾ സ്ഥാപിക്കുന്നതിനായി INDUS TOWER LTD ടെലികമ്മ്യൂണിക്കേഷൻ ടവർ നിർമ്മാതാക്കൾ ഗ്രാമപഞ്ചായത്തിന് ഇന്റിമേഷൻ നൽകി അപേക്ഷാ ഫീസ് ഒടുക്കിയിട്ടുണ്ട്. എന്നാൽ പ്രസ്തുത ടവറുകളിൽ നിന്നും വസ്തു നികുതി ഈടാക്കിയതിന്റെ വിശദാംശം ലഭ്യമാക്കുന്നതിന് നല്കിയ ഓഡിറ്റ് അന്വേഷണത്തിനു (നം.**7/24.10.2025**) നികുതി നിർണയം നടത്തുന്നതിനായി ആവശ്യമായ രേഖകൾ ഹാജരാക്കാനായി അറിയിപ്പു നൽകിയ കത്തു ഓഡിറ്റിൽ സമർപ്പിച്ചു.

| ക്രമ നം. | തീയതി | വൌച്ചർ നം. | ടവറിന്റെ വിശദാംശം |
|---|---|---|---|
| 1 | 02.03.2024 | 450100101 | INDUS TOWER LTD |

നിർമ്മാണം പൂർത്തിയാക്കിയോ എന്നത് ഉറപ്പുവരുത്തി പൂർത്തിയാക്കിയപക്ഷം വസ്തുനികുതി ചുമത്തി ഫോറം-6 ന്റെ പകർപ്പ് സഹിതം ഓഡിറ്റ് വകുപ്പിനെ ബോധ്യപ്പെടുത്തേണ്ടതാണ്.

**1-13 ലോൺ - വരവിന്റെ കൃത്യത ലഭ്യമല്ല**

ലോൺ സംബന്ധിച്ച വരവുകൾ രണ്ട് ബാങ്ക് അക്കൗണ്ടിലായിട്ടാണ് സൂക്ഷിച്ചിട്ടുള്ളത്. ഇതിന്റെ ബാങ്ക് പാസ്ബുക്ക് പൂർണമായും പരിശോധനക്ക് ലഭിച്ചില്ല. ലോൺ രജിസ്റ്റർ പ്രകാരം 67,62,874 രൂപ ലോണിനത്തിൽ വരവുണ്ട്. ലോണിനത്തിലുള്ള 35,20,000 രൂപ ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റ് വന്നതിന്റെ വിശദാംശം പരിശോധനക്ക് ലഭിച്ചില്ല. അപാകത സംബന്ധിച്ച ഓഡിറ്റ് എൻക്വയറി (നം.16/27.10.2025)യ്ക്ക് മറുപടി ലഭ്യമാക്കിയില്ല. ലോണിനത്തിലുള്ള 35,20,000 രൂപ ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റ് വന്നതിന്റെ വിശദാംശം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

**1-14 കാലഹരണപ്പെട്ട ഡെപ്പോസിറ്റ് മുതൽകൂട്ടിയില്ല**

1) കാലഹരണപ്പെട്ട സെക്യൂരിറ്റി ഡെപ്പോസിറ്റ്, റിടെൻഷൻ തുക നിലവിലും ബാദ്ധ്യതാ ഹെഡിൽ തുടരുന്നു.

19.10.20ൽ വന്നിട്ടുള്ള സപ്ലയേസ് സെക്യൂരിറ്റി ഡെപ്പോസിറ്റ് 4,100 രൂപ, 29.9.2019 ൽ വന്നിട്ടുള്ള കോൺട്രാക്ടേഴ്സ് റിടെൻഷൻ തുക 5,746 രൂപ എന്നിവ നിലവിലും ബാധ്യതയായി തുടരുന്നു. ടി തുക പഞ്ചായത്ത് ഫണ്ടിൽ മുതൽ കൂട്ടാൻ നടപടി സ്വീകരിച്ചിട്ടില്ല.

2) ഗുണഭോക്തൃ വിഹിതം -ബാദ്ധ്യത തുക കൃത്യമായ കണക്ക് സൂക്ഷിച്ചിട്ടില്ല.

ഗുണഭോക്തൃ വിഹിതമിനത്തിലെ ബാദ്ധ്യത തുകയിൽ മുൻവർഷങ്ങളിലെ 56,809 രൂപ ഉൾപ്പെടുന്നു. ഇത് ഏത് ഓഫീസിൽ നിന്നും ഏത് വർഷത്തിൽ വന്നതാണെന്ന് വ്യക്തതയില്ല. ടി തുക കമ്മിറ്റി തീരുമാനത്തിന് വിധേയമായി പഞ്ചായത്ത് ഫണ്ടിൽ മുതൽ കൂട്ടേണ്ടതും വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതുമാണ്.

അപാകത സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം.16/27.10.2025 ന് മറുപടി ലഭ്യമാക്കിയില്ല.

**1-15 ഫെസ്റ്റിവൽ അഡ്വാൻസ് അഡ്ജസ്റ്റ് ചെയ്തില്ല**

ഫെസ്റ്റിവൽ അഡ്വാൻസിനത്തിലെ 12,000 രൂപ അഡ്ജസ്റ്റ് ചെയ്തിട്ടില്ല. ഓപ്പണിംഗ് ബാലൻസ് ആയി കാണിച്ചിട്ടുള്ള ഈ തുക ഏത് വർഷത്തെ ചെലവ് ആണെന്ന് വ്യക്തമല്ല. സാജൻ എന്ന ജീവനക്കാരനാണ് അഡ്വാൻസ് കൈപ്പറ്റിയത്. ഇത് സംബന്ധിച്ച വിശദാംശം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.16/27.10.2025 ന് മറുപടി ലഭ്യമാക്കിയില്ല. ഫെസ്റ്റിവൽ അഡ്വാൻസിനത്തിൽ തിരികെ ഈടാക്കാനവശേഷിക്കുന്ന 12,000 രൂപ ഈടാക്കി വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

**1-16 ഓഡിറ്റ് ഇംപാക്ട് - പ്രൊവിഡൻസ് കോളേജ് ക്രമവൽക്കരണ ഫീ 8,52,171 /- രൂപ ഒടുക്കി**

പ്രോവിഡൻസ് കോളേജിലെ അനധികൃത നിർമ്മാണം ക്രമവൽക്കരിക്കാൻ 2023-24 വർഷം പാരഗ്രാഫ് നം.1-14-ൽ ആവശ്യപ്പെട്ടതിനെ തുടർന്നു പഞ്ചായത്തിൽ നിന്നു നടപടികൾ സ്വീകരിക്കുകയും സ്ഥാപനത്തിന്റെ വിവിധ അനധികൃത കെട്ടിടങ്ങളുടെ ക്രമവൽക്കരണ ഫീ ഇനത്തിൽ 8,52,171 /- രൂപ രസീത് നം.1240102476/24.03.2025 പ്രകാരം പഞ്ചായത്തിൽ അടവാക്കുകയും ചെയ്തു.

**1-17 എം.സി.എഫിലേക്ക് വാങ്ങിയ ബെയിലിംഗ് മെഷീൻ നാളിതുവരെ സ്ഥാപിച്ചിട്ടില്ല**




ഗ്രാമപഞ്ചായത്തിൽ 2024-25 സാമ്പത്തികവർഷം നടപ്പിലാക്കുന്ന മാലിന്യ മുക്ത കേരളം പ്രഖ്യാപനത്തോടനുബന്ധിച്ച് MCF ൽ ബെയിലിംഗ് മെഷീൻ സ്ഥാപിക്കുന്നതിനായി സ.ഉ.(സാധാ) നം.1844/ 2024 LSGD 17.03.2025 ഉത്തരവിന്റെ അടിസ്ഥാനത്തിൽ ബെയിലിംഗ് യൂണിറ്റ് വാങ്ങി.

2024-25 സാമ്പത്തിക വർഷം പ്രോജക്ട് നം-S0231/25 പ്രകാരമാണ് എം.സി.എഫ്. ലേക്ക് ബെയിലിംഗ് മെഷീൻ വാങ്ങിയത്. എന്നാൽ MCF ൽ നടത്തിയ പ്രദേശിക പരിശോധനയിൽ(24.10.25) ഉപകരണങ്ങൾ നിലവിലും സ്ഥാപിക്കപ്പെട്ടിട്ടില്ല എന്നത് ബോധ്യപ്പെട്ടു. ബെയിലിംഗ് പ്രസ്സ് മെഷീൻ വാങ്ങിയ ചെലവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| **ഉപകരണത്തിന്റെ പേര്** | **തുക** | **ബിൽ സാങ്ഷൻ നം.** | **ഉപകരണം ലഭ്യമാക്കിയ സ്ഥാപനം** |
|---|---|---|---|
| ഹൈഡ്രോളിക്ക് ബെയിലിംഗ് പ്രസ്സ് മെഷീൻ | 262100 (ധനകാര്യ കമ്മീഷൻ) | ബിൽ സാങ്ഷൻ നം-549/ 17.03.2025 | R.J.എന്റർപ്രൈസസ്, കോട്ടയം |
| | 232899 തനത് ഫണ്ട് | ബിൽ സാങ്ഷൻ നം-550/ 17.03.2025 | |
| | 49980 തനത് ഫണ്ട് | ബിൽ സാങ്ഷൻ നം-579/ 24.03.2025 | |
| **ആകെ** | **544979** | | |

ബെയിലിംഗ് മെഷീൻ വാങ്ങലുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന അപാകതകൾ കാണുകയുണ്ടായി.

1) യന്ത്രം പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ ത്രീ ഫേസ് കണക്ഷൻ കെട്ടിടത്തിൽ ഉറപ്പാക്കാതെയാണ് സാധനസാമഗ്രികൾ വാങ്ങി സൂക്ഷിച്ചിട്ടുള്ളത്. ആയതു കാരണം ഉപകരണങ്ങൾ നാളിതുവരെ എം.സി.എഫിൽ പ്രവർത്തനക്ഷമമാക്കാൻ സാധിച്ചിട്ടില്ല. ഭൗതിക പരിശോധനാവേളയിലും യന്ത്രോപകരണങ്ങൾ മിനി എം.സി.എഫ്. കെട്ടിടത്തിന്റെ ഒരു വശത്ത് സൂക്ഷിച്ചിരിക്കുന്നതായി കാണാം.
2) എം.സി.എഫ് പ്രവർത്തനത്തിനാവശ്യമായ സെഗ്രിഗേഷൻ ടേബിൾ വി.ഇ.ഒ.യുടെ പദ്ധതിപ്രകാരം വാങ്ങിയിട്ടുണ്ട്. എന്നാൽ കൺവെയർ ബെൽറ്റ് വാങ്ങിയിട്ടില്ല. ബെയ് ലിങ്ങ് യൂണിറ്റിനേയും സെഗ്രഗേഷൻ ടേബിളിനേയും തമ്മിൽ ബന്ധിപ്പിക്കുന്ന അഭിവാജ്യ ഘടകമാണിത്.

3) വാങ്ങിയ ഉപകരണങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ എൻട്രി, വാറന്റി സംബന്ധിക്കുന്ന രേഖകൾ എന്നിവ പരിശോധനക്ക് ഹാജരാക്കുന്നതിന് 24.10.2025 തീയതി ഓഡിറ്റ് എൻക്വയറി 09/25 പ്രകാരം ആവശ്യപ്പെട്ടുവെങ്കിലും മറുപടിയോടൊപ്പം ആയവയൊന്നും ഹാജരാക്കിയിട്ടില്ല. മറുപടിയിൽ എത്രയും പെട്ടെന്ന് യന്ത്രം സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അധികൃതർ അറിയിച്ചിരുന്നു.

ബെയിലിങ്ങിന് യൂണിറ്റിന്റെ പരിപൂർണ്ണപ്രവർത്തനത്തിവശ്യമായ യന്ത്രസാമഗ്രികൾ എല്ലാം തന്നെ ഇപ്പോഴും വാങ്ങിയിട്ടില്ല മാത്രവുമല്ല വാങ്ങിയ യന്ത്രഭാഗങ്ങൾ ത്രീഫേസ് വൈദ്യുതീകരണത്തിന്റെ അഭാവം കാരണം സ്ഥാപിക്കാതെ എം.സി.എഫിന്റെ ഒരു വശത്തായി സൂക്ഷിക്കുക മാത്രമേ ചെയ്തിട്ടുള്ളു. യന്ത്രഭാഗങ്ങൾ പ്രവർത്തനസജ്ജമാക്കാതെ നിർജ്ജീവമായി തുടരുന്നതും പദ്ധതി നിർവ്വഹണത്തിലെ അപാകതയായി തുടരുന്നു. ഭീമമായ തുകകൾ മുടക്കി വാങ്ങിയ യന്ത്രത്തെ നാശോന്മുഖമാക്കുന്ന സ്ഥിതിയിലേക്ക് നയിക്കാതെ അടിയന്തിരമായി പ്രവർത്തിപ്പിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്. സമയബന്ധിതമായി ഉപകരണങ്ങൾ സ്ഥാപിക്കാതെ നാശോന്മുഖമായി മാറുന്ന അവസ്ഥയിൽ ഉണ്ടാകുന്ന ഗ്യാരണ്ടി നഷ്ടം നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി മാറുകയും ചെയ്യും. നാളിതുവരെ പദ്ധതി പ്രവർത്തനം തുടങ്ങാത്ത സാഹചര്യത്തിൽ ഇതിനായി ചെലവഴിച്ച 5,44,979 രൂപ തടസ്സപ്പെടുത്തുന്നു.

**1-18 ക്വട്ടേഷൻ/ടെൻഡർ നടപടികൾ സ്വീകരിച്ചപ്പോൾ കുറഞ്ഞ നിരക്ക് പരിഗണിച്ചില്ല**

2024-25 സാമ്പത്തികവർഷം വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പട്ടിക ജാതി വിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾക്ക് വാട്ടർ ടാങ്ക് വാങ്ങി നൽകുകയുണ്ടായി. പദ്ധതി വിശദാംശം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ടിന്റെ പേര്, നമ്പർ | പി.വി.സി.വാട്ടർ ടാങ്ക് വാങ്ങൽ.<br>So104/2025 |
| ഫണ്ടിനം | സി.എഫ്.സി- 262100<br>തനത് ഫണ്ട്-287900<br>ഗുണഭോക്തൃ വിഹിതം-110000 |
| അടങ്കൽ | 550000 |
| ചെലവ് | 440980/സി.എഫ്.സി-262100<br>തനത് ഫണ്ട്-282879<br>ഗുണഭോക്തൃ വിഹിതം-110000 |
| | സാംഗ്ഷൻ നമ്പർ-476, 06.03.25-148200 |
| | സാംഗ്ഷൻ നമ്പർ-471, 06.03.25-49500 |
| | സാംഗ്ഷൻ നമ്പർ-522,12.03.25-98800 |
| | സാംഗ്ഷൻ നമ്പർ-523, 12.03.25-33000 |
| | സാംഗ്ഷൻ നമ്പർ-580, 324.03.25-83980 |
| | സാംഗ്ഷൻ നമ്പർ-581,24.03.2025-27500 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |

മേൽ പദ്ധതിയ്ക്കായി പരസ്യപ്പെടുത്തിയ ടെൻഡർ നോട്ടീസിൽ 500 ലിറ്റർ ശേഷിയുള്ള സിലിണ്ട്രിക്കൽ ആകൃതിയിലുള്ള 880 എം.എം. ഡയമീറ്റർ 950 എം.എം ഉയരമുള്ള മാൻഹോൾ ഡയമീറ്റർ 400 എം.എം അളവിലെ കറുപ്പ് അല്ലെങ്കിൽ വെളുപ്പ് നിറത്തിലുള്ള പി.വി.സി.ഫുഡ് ഗ്രേഡ് വിർജിൻ പോളിമെർ 3 ലെയർ, ഐ.എസ്.ഐ. നിലവാരത്തിലുള്ളവയായിരിക്കണമെന്ന് നിഷ്കർഷിച്ചിരുന്നു.

3 സ്ഥാപനങ്ങൾ തുക കോട്ട് ചെയ്ത് ടെൻഡർ സമർപ്പിച്ചിരുന്നു. 15.02.2025 തീയതിയിലെ ഭരണസമിതി യോഗത്തിന്റെ 7(2) നമ്പർ തീരുമാനപ്രകാരം തയ്യാറാക്കിയ ടെൻഡർ ടാബുലേഷൻ നിരക്കിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| സ്ഥാപന വിലാസം | നിരക്ക് |
|---|---|
| **സജീവ് കെ.വി.<br>സൗത്ത് അൻ പോളിമേഴ്സ്,** | **3295** |
| **മാനേജർ പ്രീമിയം പോളിമേഴ്സ്, തമിഴ് നാട്** | **4250** |
| **കെ.രാജശേഖരൻ<br>പൊന്നക്കാത്ത് ഏജൻസീസ്,** | **3315** |

| | |
|---|---|
| കായംകുളം | |

രേഖകൾ വിശദമായി പരിശോധിച്ചത് പ്രകാരം കെ.രാജശേഖരൻ, പൊന്നാരത്ത് ഏജൻസീസ്, കായംകുളം എന്ന സ്ഥാപന ഉടമ ഒരു ടെൻഡർ ഫോമിൽ രണ്ട് നിരക്ക് രേഖപ്പെടുത്തിയതായി ശ്രദ്ധയിൽപ്പെട്ടു. മേൽ രേഖപ്പെടുത്തിയ നിരക്കിനെ കൂടാതെ 3 ലയറുള്ള പി.വി.സി.ഫുഡ് ഗ്രേഡ് വിർജിൻ പോളിമെർ വെള്ള നിറമുള്ള ടാങ്കിന് ടിയാൾ 2,975 രൂപയും ടെൻഡർ ഫോമിൽ ക്വോട്ട് ചെയ്തിരുന്നു. എന്നാൽ ടിയാൾ ആദ്യം ക്വോട്ട ചെയ്ത 2 ലയറുള്ള പി.വി.സി.ഫുഡ് ഗ്രേഡ് വിർജിൻ പോളിമെർ കറുത്ത നിറമുള്ള ടാങ്കിന്റെ വില മാത്രമാണ് പരിഗണിച്ച് ടാബുലേഷൻ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയത്.

സജീവ്, സൗത്ത് ഇൻ പോളിമേർസ് ക്വോട്ട് ചെയ്ത 2 ലെയർ ഉള്ള പോളിമെർ ടാങ്കാണ് പദ്ധതി പ്രകാരമുള്ള വിതരണത്തിന് വേണ്ടി വാങ്ങിയത്. ടാങ്ക് നിർമ്മിതി പി.വി.സി.ഫുഡ് ഗ്രേഡ് വിർജിൻ പോളിമർ 3 ലെയർ ആയിരിക്കണമെന്ന് ടെൻഡർ നോട്ടീസിൽ പ്രത്യേകം വ്യക്തമാക്കിയിട്ടുണ്ടായിരുന്നുവെങ്കിലും പ്രസ്തുത ടെൻഡർ നിബന്ധനകൾ ലംഘിച്ചാണ് 2 ലെയറുകളുള്ള വാട്ടർ ടാങ്കുകൾ പദ്ധതിയ്ക്കായി വാങ്ങൽ നടത്തിയതെന്ന് പരിശോധനയിൽ വ്യക്തമായി.

കെ.രാജശേഖരൻ, പൊന്നാരത്ത് ഏജൻസീസ്, കായംകുളം എന്ന സ്ഥാപനം 3 ലയറുള്ള വെള്ള വാട്ടർ ടാങ്ക് നികുതിയുൾപ്പടെ 2,975 രൂപയ്ക്ക് ക്വോട്ട് ചെയ്തിരുന്നത് പരിഗണിക്കാതെ സജീവ്, സൗത്ത് ഇൻ പോളിമേർസ് ക്വോട്ട് ചെയ്ത 2 ലെയർ ഉള്ള പോളിമെർ ടാങ്കിന് 3,295 രൂപ നിരക്കിൽ വാങ്ങിയത് കാരണം പദ്ധതി നിർവ്വഹണത്തിൽ അധിക ചെലവുണ്ടായി. പദ്ധതി പ്രകാരമുള്ള 134 വാട്ടർ ടാങ്ക് വാങ്ങിയ വകയിൽ 42,880 രൂപ നിർവ്വഹണത്തിൽ അധിക ചെലവുണ്ടായതായി ഓഡിറ്റ് നിജപ്പെടുത്തുന്നു. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി നൽകിയില്ല.(ഓഡിറ്റ് എൻക്വയറി 11/25 തീയതി: 23.10.2025).

സ്റ്റോർ പർച്ചേസ് മാന്വൽ 2013 (ജി.ഒ.(പി) നം. 03/2013 /എസ്.പി.ഡി. തീയതി 21.06.2013 പ്രകാരം സാധന/ സേവന സമാഹരണത്തിൽ കാര്യക്ഷമത, മിതവ്യയത്വം, ഉത്തരവാദിത്വം എന്നിവ ഉറപ്പാക്കുവാൻ മാന്വലിലെ മാനദണ്ഡങ്ങൾക്ക് വിധേയമാക്കണം എന്ന് ഖണ്ഡിക (1.3) ൽ പ്രതിപാദിക്കുന്നുണ്ട്. പ്രസ്തുത വാങ്ങലിൽ മിതവ്യയത്വം പാലിച്ചതായി കാണുന്നില്ല. സ്റ്റോർ പർച്ചേസ് നിയമവും ചട്ടങ്ങളും ബന്ധപ്പെട്ട നിർദ്ദേശങ്ങളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും ബാധകമാണ് എന്നിരിക്കെ മേൽ സൂചിപ്പിച്ച സേവന സമാഹാരങ്ങൾക്ക് പ്രസ്തുത വ്യവസ്ഥകൾ ബാധകമാക്കാതിരുന്നതുകാരണം വാങ്ങലിൽ ഉണ്ടായ 42,880 രൂപയുടെ അധിക ചെലവ് അംഗീകരിക്കുന്നില്ല. വാങ്ങലിൽ ഉണ്ടായ അധിക ചെലവ് നിർവ്വഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് സെക്രട്ടറിയിൽ നിന്ന് ഈടാക്കി ഒടുക്കുവരുത്തി ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്.

**1-19 സ്ക്രീനിംഗ് ഓഫ് ലൈഫ് സ്റ്റൈൽ ഡിസീസസ്- ബ്ലഡ് സാമ്പിൾ പരിശോധന രേഖകൾ ലഭ്യമല്ല**

| | |
|---|---|
| പ്രോജക്ട് നം. | S00147/25<br>(സ്പിൽ ഓവർ പദ്ധതി) |
| പ്രോജക്ടിന്റെ പേര് | സ്ക്രീനിംഗ് ഓഫ് ലൈഫ് സ്റ്റൈൽ ഡിസീസസ്-എസ്.സി |
| അടങ്കൽ | 2,00,000 |
| ഫണ്ട് വികസനഫണ്ട് -പ്രത്യേക ഘടക പദ്ധതി | 2,00,000 |
| ചെലവ് | 2,00,000 |
| ചെലവ് വിവരങ്ങൾ | 1.ടി.ആർ.എൻ.നം.2407025252010200173619-തീയതി 16.05.2024 തുക 1,28,811<br>2.ടി.ആർ.എൻ.നം.2407025252010200173618-തീയതി 09.05.2024 തുക 71,189 |

സ്ക്രീനിംഗ് ഓഫ് ലൈഫ് സ്റ്റൈൽ ഡിസീസസ്(എസ്.സി.) എന്ന പദ്ധതി പ്രകാരം പഞ്ചായത്ത് പ്രദേശത്തുള്ള എസ്.സി വനിതകളുടെ ബ്ലഡ് സാമ്പിൾ ശേഖരിച്ച് തൈറോയിഡ് പരിശോധന നടത്തി മരുന്ന് ലഭ്യമാക്കുകയാണ് ചെയ്തത്. പദ്ധതി ചെലവുകൾ പരിശോധിച്ചതിൽ മെഡിക്കൽ ഓഫീസറുടെ നോൺ അവയലിബലിറ്റി സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ മരുന്നുകൾ നീതി മെഡിക്കൽ സ്റ്റോറിൽ നിന്ന് വാങ്ങിയതിന് 1,28,811/-രൂപയും സാംപിൾ ശേഖരണവുമായി ബന്ധപ്പെട്ട വിവിധ ചെലവുകൾക്ക് 71,189/-രൂപയും ചെലവഴിച്ചിട്ടുണ്ട്. ബ്ലഡ് സാംപിൾ പരിശോധിക്കുന്നതിന് മാവേലിക്കര ജില്ലാ ആശുപത്രിയിൽ എത്തിച്ച വകയിൽ വാഹന ചാർജ്ജ് ഇനത്തിൽ 2,000/- രൂപയും ബ്ലഡ് ശേഖരിക്കുന്നതിന് ലാബ് ടെക്നീഷ്യന് ഡ്യൂട്ടി ചാർജ്ജ് ഇനത്തിൽ 1,000/- രൂപയും നീതി മെഡിക്കൽ സ്റ്റോറിന് ഹാന്റ് വാഷ് ഉൾപ്പടെയുള്ള സാധനങ്ങൾ അന്നേ ദിവസം വാങ്ങിയതിന് 47,839/-രൂപയും നൽകി. ഇത് കൂടാതെ 127 പേരുടെ ബ്ലഡ് സാംപിൾ പരിശോധിച്ചതിന് ജില്ലാ ആശുപത്രി ,മാവേലിക്കരയ്ക്ക് 20,350/-രൂപയും നൽകിയതായി കാണുന്നു. ഇതിന് ആധാരമായി മെഡിക്കൽ ഓഫിസർ പി.എച്ച്.സി യുടെ കൺസോളിഡേറ്റഡ് ബിൽ പെയ്മെന്റ് സ്റ്റേറ്റ്മെന്റ് മാത്രമാണ് പരിശോധനയ്ക്ക് നൽകിയത്. മാവേലിക്കര ജില്ലാ ആശുപത്രിയിൽ അന്വേഷിച്ചതിൽ ഹബ്-സ്പോക്ക് സംവിധാനം വഴിയുള്ള രക്ത പരിശോധനയ്ക്ക് മാത്രമെ ഫീസ് ഈടാക്കുകയുള്ളൂവെന്ന് അറിയിച്ച സാഹചര്യത്തിൽ, 20,350/-രൂപ ജില്ലാ ആശുപത്രിയിൽ ഒടുക്കിയതിന്റെ രസീത് പരിശോധനയ്ക്ക് നൽകാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം.10/2024-25 തീയതി 24.10.2025)നൽകി. ബ്ലഡ് സാംപിൾ പരിശോധന ഹബ്-സ്പോക്ക് സംവിധാനം മുഖേന നടത്തിയതിന് രേഖകളോ പരാമർശം സംബന്ധിച്ച

മറുപടിയോ ലഭ്യമാക്കാത്ത സാഹചര്യത്തിൽ ഇതിനായി ചെലവഴിച്ച തുക 20,350/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**1-20 മുൻകൂർ നൽകിയ തുകയ്ക്കുള്ള മരുന്ന് ലഭിച്ചില്ല**

2024-25 സാമ്പത്തികവർഷം ആയുഷ് പി.എച്ച്.സി. ഹോമിയോ ആരോഗ്യ കേന്ദ്രത്തിന് മരുന്ന് വാങ്ങുന്നതിന് മുൻകൂറായി" ഹോംകോ" യ്ക്ക് തുക നൽകിയിട്ടുണ്ട്. എന്നാൽ ഒടുക്കിയ തുകയ്ക്കുള്ള മരുന്നുകൾ പൂർണ്ണമായി ലഭിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര്, നിർവ്വഹണ ഉദ്യോഗസ്ഥൻ | മരുന്ന്/ ഉപകരണങ്ങൾ വാങ്ങുന്നതിന് ചെലവഴിച്ച തുക | ട്രഷറി ബിൽ നം./ചെക്ക് നം., തീയതി | ലഭിച്ച മരുന്നിന്റെ വില | ലഭിക്കാൻ അവശേഷിക്കുന്ന മരുന്നിന്റെ വില |
|---|---|---|---|---|---|
| Soo76/25 | ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ മെഡിക്കൽ ഓഫീസർ ആയുർവേദം | 3,00,000 | 300000 BRN-2407025201010089 1751-12.11.24 | 2,78,000 | 22,000 |

സമയബന്ധിതമായി മരുന്ന് ലഭ്യമാക്കാത്തതിനാൽ ആശുപത്രിയുടെ ദൈനംദിന പ്രവർത്തനങ്ങളെ സാരമായി ബാധിക്കുന്നതാണ്. മാത്രമല്ല അടുത്ത സാമ്പത്തിക വർഷത്തിൽ പദ്ധതി ആവിഷ്കരിക്കുമ്പോൾ മരുന്നുകളുടെ ആവശ്യകത നിർണ്ണയിക്കുന്നതിന് സാധിക്കാതെ വരും.

കാലതാമസം കൂടാതെ മരുന്ന് ലഭ്യമാകുന്നതിന് എന്ത് നടപടികളാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ സ്വീകരിച്ചതെന്ന് വിശദീകരിക്കുന്നതിന് നൽകിയ എൻക്വയറിയ്ക്ക് (18/2024-25 28.10.2025) മറുപടി ലഭിച്ചില്ല. ലഭിക്കാനുള്ള മരുന്നുകൾ ലഭ്യമാക്കാനുള്ള അടിയന്തിരനടപടികൾ സ്വീകരിച്ച് ആയതിന്റെ വിശദാംശം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**1-21 ആല എഫ്.എച്ച്.സി ക്ക് ഓട നിർമ്മാണം - കരാർ വെച്ചെങ്കിലും പ്രവൃത്തി ഏറ്റെടുത്തില്ല**

പ്രോജക്ട് നം. S0178/25

ആല എഫ്. എച്ച്.സി-ക്ക് ഓട നിർമ്മാണം (സ്പിൽ ഓവർ പദ്ധതി)

2022-23 വർഷത്തെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്ന പദ്ധതി ആയിരുന്നു ആല എഫ്.എച്ച്.സി-ക്ക് ഓട നിർമ്മാണം. എഗ്രിമെന്റ് രജിസ്റ്റർ പ്രകാരം പ്രവൃത്തി ചെയ്യുന്നതിനായി 4,93,122/-രൂപയ്ക്ക് ശ്രീ.ഭദ്രൻ പി. എന്ന കരാറുകാരനുമായി ഗ്രാമ പഞ്ചായത്ത് 11.01.2023-ൽ കരാർ വെച്ചിട്ടുണ്ട്. വർക്ക് പൂർത്തീകരണ കാലയളവ് 6 മാസം കാലയളവ് ആകയാൽ വർക്ക് 10.07.2023-ൽ പൂർത്തീകരിക്കേണ്ടതായിരുന്നു. എന്നാൽ ചെലവ് സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ 2024-25 വർഷവും പദ്ധതി സ്പിൽ ഓവറാക്കി പ്രോജക്ട് വെച്ചിട്ടുണ്ടെങ്കിലും നടപ്പാക്കിയില്ല. എഗ്രിമെന്റ് വെച്ചതിനുശേഷം വർക്ക് നടത്താതിരുന്നതിന്റെ കാരണം, കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ വർക്ക് റി-ടെണ്ടർ ചെയ്ത് നാളിതുവരെയും നടപ്പാക്കാതിരുന്നത് എന്നിവ സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം.17 തീയതി 27.10.2025)നൽകിയതിന് താഴെപ്പറയും പ്രകാരം മറുപടി നൽകിയിട്ടുണ്ട്.

ചില പ്രാദേശികമായ തർക്കങ്ങൾ കാരണം പ്രവൃത്തി ആരംഭിക്കാൻ സാധിച്ചിരുന്നില്ലായെന്നും എച്ച്.എം.സി കമ്മറ്റിയിൽ പ്രവൃത്തി നടപ്പാക്കണമെന്ന ആവശ്യം ഉയർന്നുവന്നതിനെ തുടർന്ന് കരാറുകാരന് കത്ത് നൽകിയെങ്കിലും എഗ്രിമെന്റ് കാലാവധി കഴിഞ്ഞതിനാലും പഴയ റേറ്റിൽ ചെയ്യാൻ താൽപര്യമില്ലാത്തതിനാലും ടിയാനെ ഒഴിവാക്കി റി ടെണ്ടർ ചെയ്യുവാൻ ഭരണസമിതി നിർദ്ദേശിച്ചു. ആയതിനാലാണ് സ്പിൽ ഓവറാക്കിയെങ്കിലും പ്രവൃത്തി നടപ്പാക്കാൻ കഴിയാഞ്ഞതെന്ന് എ.ഇ അറിയിച്ചു. കെട്ടിടത്തിനുള്ളിലൂടെ വരുന്ന വെള്ളം പുറത്തേക്ക് ഒഴുക്കി കൊണ്ടുപോകുന്നതിന് ഓട നിർമ്മാണം അത്യാവശ്യമാണ്. പ്രാദേശിക തർക്കം എപ്രകാരമുള്ളതാണെന്നും മറുപടിയിൽ സൂചിപ്പിച്ചിട്ടില്ല. അടിയന്തിരമായി തർക്കം പരിഹരിച്ച് വർക്ക് റി-ടെണ്ടർ ചെയ്ത് നടപ്പാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

**1-22 ഡെപ്പോസിറ്റ് വർക്ക് - വിനിയോഗസാക്ഷ്യപത്രം ലഭിച്ചില്ല**

2024-25 സാമ്പത്തിക വർഷം സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ വിവിധ ഡെപ്പോസിറ്റ് വർക്കുകൾ പൂർത്തീകരിച്ചത് സംബന്ധിച്ച വിനിയോഗസാക്ഷ്യപത്രം ബന്ധപ്പെട്ട ഏജൻസികളിൽ നിന്ന് ലഭിച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നമ്പർ | പ്രോജക്ടിന്റെ പേര് | ചെലവഴിച്ച തുക | ബിൽ/ട്രഷറി റഫറൻസ്/വൗച്ചർ നമ്പർ | തുക കൈപ്പറ്റിയ സ്ഥാപനം |
|---|---|---|---|---|
| S0148/25 | എം.സി.എഫി.ന് വൈദ്യുതി കണക്ഷൻ | 46,388 | TRN -240702000000013996/12.12.24 | കെ.എസ്.ഇ.ബി മുളക്കുഴ |
| S0151/25 | വാർഡ് 2ലെ നാലാം നമ്പർ അംഗനവാടി | 2,10,740 | 1) XVFC/24-25/P/22/7.12.24 (7740 രൂപ ) | ഭൂജല വകുപ്പ് , ആലപ്പുഴ |

| | | | | |
|---|---|---|---|---|
| | ,വാർഡ് 5 ലെ പന്ത്രണ്ടാം നമ്പർ അംഗനവാടി , വാർഡ് 10ലെ ആറാം നമ്പർ അംഗൻവാടി , എം.സി.എഫ് എന്നിവയ്ക്ക് കുഴൽ കിണർ നിർമ്മാണം | | 2) XVFC/24-25/P/46/20.03.2025 (203000 രൂപ ) | |
| S0150/ 25 | ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ രണ്ടാം ഘട്ടം | 34,275 | XVFC/24-25/P/39/07.03.2025 | കെ.എസ്.ഇ.ബി |
| S0203/25 | ഭിന്നശേഷി പുനരധിവാസകേന്ദ്രം വിഹിതം നൽകൽ | 1,00,000 | TRN -240702000000016255/22.01.2025 | ആലപ്പുഴ ജില്ലാ പഞ്ചായത്ത് |

അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 6/24.10.2025 ന് ലഭിച്ച മറുപടിയിൽ വിനിയോഗസാക്ഷ്യപത്രം ലഭിക്കുന്ന മുറയ്ക്ക് വിവരം ഓഡിറ്റിൽ ലഭ്യമാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. അപാകതയുടെ അടിസ്ഥാനത്തിൽ 3,91,403 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**1-23 ലൈഫ് ഭവനപദ്ധതി - മുൻകൂർ കൈപ്പറ്റിയവർ ഭവനനിർമ്മാണം ആരംഭിച്ചില്ല**

ലൈഫ് ഭവന പദ്ധതി (എസ്.സി) പ്രകാരം മുൻകൂർ തുക കൈപ്പറ്റിയതും നിലവിലും ഭവന നിർമ്മാണം ആരംഭിക്കാത്തതുമായ ഗുണഭോക്താക്കളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവ് | വാർഡ് | കൈപ്പറ്റിയ തുക | ബിൽ നം., തീയതി |
|---|---|---|---|---|
| 1 | ചെല്ലമ്മ, പ്ലാനക്കാട് തെക്കേതിൽ | 3 | 40,000 | 22070252010501397433/18.03.2023 |
| 2 | ജഗദമ്മ തേവരക്കാട് | 7 | 40,000 | 22070252010501245516/25.02.2023 |
| 3 | സിനി ചന്ദ്രഭാനു, പൂമല | 3 | 40,000 | 23070252010500130646/26.05.2023 |

പട്ടികയിലെ ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം ആരംഭിക്കാനാവശ്യമായ സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കാൻ നല്കിയ ഓഡിറ്റ് അന്വേഷണത്തിനു(നം.2/24.10.2025) കൈപ്പറ്റിയ തുക തിരികെ അടവാക്കാൻ കത്ത് നൽകിയിട്ടുണ്ടെന്നു അറിയിച്ചു. ആനുകൂല്യം കൈപ്പറ്റിയ ശേഷം ഭവനനിർമ്മാണം നടത്താൻ വിസമ്മതിക്കുന്ന ഗുണഭോക്താക്കളിൽ നിന്നും അവർ കൈപ്പറ്റിയ തുക പലിശ സഹിതം തിരികെ ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

**1-24 ഭവനപുനരുദ്ധാരണ പദ്ധതി പൂർത്തീകരിച്ചില്ല**

പ്രോജക്ട് നം. S0024/25
പ്രോജക്ടിന്റെ പേര് - വീട് വാസയോഗ്യമാക്കൽ പട്ടികജാതി
ചെലവ് -3,00,000
വീട് വാസയോഗ്യമാക്കുന്നതിനായി എസ്.സി. വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്ക് മൂല്യനിർണ്ണയ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ ഒരു ലക്ഷംരൂപ വീതം നൽകുന്നതായിരുന്നു പ്രോജക്ട് ലക്ഷ്യം. ആയത് പ്രകാരം 50,000 രൂപ വീതം അഡ്വാൻസ് നൽകിയിട്ടുള്ള രമണി റ്റി.കെ., BRN 24070252010501579796/-18.03.25 നാളിതുവരെ പ്രവൃത്തി പൂർത്തിയാക്കിയതായി ഫയൽ പരിശോധനയിൽ കാണുന്നില്ല. ഇതുമായി ബന്ധപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.3/24.10.2025) ഗുണഭോക്താവ് വാല്യുവേഷൻ സർട്ടിഫിക്കറ്റ് സമർപ്പിച്ചിട്ടുള്ളതാണെന്നും അവസാന ഗഡു 50,000/- രൂപ നൽകുവാനുള്ള നടപടികൾ സ്വീകരിക്കുമെന്നും അറിയിച്ചു. ഭവനം വാസയോഗ്യമാക്കി രേഖകൾ ലഭ്യമാക്കേണ്ടതാണ്.

**1-25 ഹെൽത്ത് ഗ്രാന്റ്- അവലോകനം.**

സംസ്ഥാനങ്ങളുടെ ആരോഗ്യ മേഖലയിലേക്ക് നൽകുന്ന പതിനഞ്ചാം കേന്ദ്ര ധനകാര്യകമ്മീഷൻ അവാർഡ് തുകയുടെ വിനിയോഗം സംബന്ധിച്ച മാർഗരേഖ കേന്ദ്ര ധനകാര്യ മന്ത്രാലയം 16.07.2021 ലെ 15 (2) FC-XV/FCD/2020-25 നമ്പർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ഗ്രാമീണ മേഖലയിലേക്ക് പ്രധാനമായും 4 സ്കീമുകളിലായിട്ടാണ് അവാർഡ് തുക വിഭജനം നടത്തിയിട്ടുള്ളത്. ഹെൽത്ത് ഗ്രാന്റ് 2021-22 വർഷം മുതൽ 2025-26 വർഷം വരെയാണ് അനുവദിക്കുന്നത്.

പതിനഞ്ചാം ധനകാര്യ കമ്മീഷൻ ശുപാർശ ചെയ്ത ഹെൽത്ത് ഗ്രാന്റ് ഗ്രാമ പഞ്ചായത്തിൽ ലഭിച്ചതിന്റെയും ഇത് ഉപയോഗിച്ച് നടപ്പിലാക്കിയ വിവിധ പ്രോജക്ടുകളുടേയും വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

**എ) ഗ്രാമപഞ്ചായത്തിന് ലഭിച്ചതും ചെലവഴിച്ചതുമായ ഹെൽത്ത് ഗ്രാന്റിന്റെ വിവരം**

ഹെൽത്ത് ഗ്രാന്റ് സ്കീം 3,4 എന്നിവ പ്രകാരം -

| വർഷം | ഗ്രാന്റിന്റെ പേര് | ലഭിച്ച തുക | ചെലവഴിച്ച തുക | നീക്കിയിരുപ്പ് |
|---|---|---|---|---|
| 2021-22 | സ്കീം 3 | 2,27,094 | 2,25,132 | 1,962 |
| | സ്കീം 4 | 1,18,981 | 87,343 | 31,638 |
| 2022-23 | സ്കീം 3 | 6,50,000 | 5,63,147 | 86,853 |
| | സ്കീം 4 | 2,89,000 | 2,36,623 | 52,377 |
| 2023-24 | സ്കീം 3 | 4,63,000 | 0 | 4,63,000 |
| | സ്കീം 4 | 4,60,000 | 0 | 4,60,000 |
| 2024-25 | സ്കീം 3 | 2,98,406 | - | 2,98,406 |
| | സ്കീം 4 | 4,77,418 | | 4,77,418 |
| ആകെ | | 29,83,899 | 11,12,245 | 18,71,654 |

<u>ഹെൽത്ത് ഗ്രാന്റ് വിനിയോഗത്തിനായി തദ്ദേശസ്ഥാപനം ഏറ്റെടുത്ത് നടപ്പാക്കിയ പ്രവൃത്തികളുടെ വിവരം</u>

| വർഷം | പ്രോജക്ടിന്റെ പേര് | അടങ്കൽ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| 2023-24 | ഹെൽത്ത് ആന്റ് വെൽനെസ്സ് സെന്റർ (S0139/24) | 2,89,000 | 13,905 | 2,75,095 |
| 2024-25 | സബ്സെന്ററിൽ ഹെൽത്ത് ആൻറ് വെൽനെസ്സ് സെന്റർ (S0165/25) | 2,75,095 | 2,22,718 | 52,377 |
| 2024-25 | ഇല്ല | 5,64,095 | 2,36,623 | 3,27,472 |

<u>ഹെൽത്ത് ഗ്രാന്റ് ഉപയോഗിച്ച് വാങ്ങിയ ഉപകരണങ്ങൾ, ചെലവഴിച്ച തുക എന്നിവയുടെ വിവരങ്ങൾ</u>

| വർഷം | പ്രോജക്ട് നം./പേര് | വാങ്ങിയ ഉപകരണം | വാങ്ങിയ ഉപകരണം |
|---|---|---|---|
| 2024-25 | S0165/25 | ലാപ്ടോപ്പ് | 43949 |

(ബി) **<u>പദ്ധതിയുടെ ഭാവി പ്രവർത്തനങ്ങൾ</u>**

ഗ്രാമപഞ്ചായത്തിലെ ആരോഗ്യമേഖല അഭിമുഖീകരിക്കുന്ന പല പ്രശ്നങ്ങളും ഇനിയും പൂർണ്ണമായി പരിഹരിക്കപ്പെടാത്ത സാഹചര്യത്തിൽ പദ്ധതിയുടെ നാളിതുവരെയുള്ള പ്രവർത്തനങ്ങളെ അവലോകനം ചെയ്ത് വന്നിട്ടുള്ള പോരായ്മകൾ പരിഹരിക്കുന്നതിനും ഗ്രാമപഞ്ചായത്തിന്റെ ഏതെല്ലാം മേഖലകളിലെ ജനങ്ങൾക്കാണ് ആശുപത്രിയുടെ നേതൃത്വത്തിൽ നടത്തിവരുന്ന വിവിധ സേവനങ്ങൾ ലഭ്യമാകാത്തതെന്നും ഏതെല്ലാം മേഖലകളിലാണ് കൂടുതൽ ശ്രദ്ധിക്കേണ്ടതെന്നും പോരായ്മകൾ കൂടുതൽ നിലനിൽക്കുന്നതെന്നും വിലയിരുത്തി പദ്ധതി മുൻഗണനകൾ പുതുക്കി നിശ്ചയിക്കുന്നതിന് ശ്രദ്ധിക്കേണ്ടതുണ്ട്. പദ്ധതിയുടെ ഭാഗമായി ലഭിക്കുന്ന തുക വിനിയോഗിച്ച് പരമാവധി ഗുണഭോക്താക്കൾക്ക് ആരോഗ്യപരിരക്ഷയും മികച്ച സേവനവും ഉറപ്പുവരുത്തുന്നതിന് മെച്ചപ്പെട്ട ഭൗതിക സാഹചര്യങ്ങൾ ഉറപ്പുവരുത്തേണ്ടതാവശ്യമാണ്. ഇത് ലക്ഷ്യമിട്ടുള്ള പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പാക്കാൻ ഉചിതമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

**<u>1-26 ജൽജീവൻ പദ്ധതി-അവലോകനം</u>**

ജൽജീവൻ പദ്ധതി ഗ്രാമീണ പ്രദേശങ്ങളിലെ എല്ലാ വീടുകളിലേക്കും ഗാർഹിക കുടിവെള്ള കണക്ഷൻ ഉറപ്പാക്കുന്നതിനായി കേന്ദ്രം, സംസ്ഥാനങ്ങൾ, തദ്ദേശഭരണ സ്ഥാപനങ്ങൾ സംയുക്തമായി നടപ്പാക്കുന്ന ഒരു സമഗ്ര പദ്ധതിയാണ്. വീടുകളിൽ ടാപ്പുകൾ വഴി ശുദ്ധജലം എത്തിക്കുന്നതും, ഓരോ കുടുംബത്തിനും മതിയായ അളവിലും ഗുണനിലവാരത്തിലുമായ കുടിവെള്ളം മുടങ്ങാതെ ലഭ്യമാക്കുന്നതും ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങളാണ്.

കേരളത്തിലെ തദ്ദേശഭരണ സ്ഥാപനങ്ങളിലെ എല്ലാ വീടുകളിലും 2024 നുള്ളിൽ പ്രവർത്തനക്ഷമമായ ടാപ്പ് കണക്ഷനുകൾ ലഭ്യമാക്കുക, വിദ്യാലയങ്ങൾ, അങ്കണവാടികൾ, ആരോഗ്യകേന്ദ്രങ്ങൾ, പൊതുകെട്ടിടങ്ങൾ, ഓഫീസുകൾ എന്നിവിടങ്ങളിൽ കുടിവെള്ള ടാപ്പുകൾ നൽകുക തുടങ്ങിയവയാണ് കേരളത്തിലെ ജൽജീവൻ മിഷന്റെ പ്രധാന ലക്ഷ്യങ്ങൾ. കേരളത്തിൽ വാട്ടർ അതോറിറ്റി നടപ്പാക്കുന്ന ജലജീവൻ പദ്ധതിയിൽ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ വിഹിതം 15% ഉം, ഗുണഭോക്തൃ വിഹിതം 10% ഉം ആണ്.

ആല ഗ്രാമപഞ്ചായത്തിൽ ജൽജീവൻ പദ്ധതിയുടെ ഭാഗമായി കുടിവെള്ള കണക്ഷനുകൾ നൽകുന്നതിന് 2021-22 മുതൽ 2024-25 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ തുകയൊന്നും വകയിരുത്തുകയോ വാട്ടർ അതോറിറ്റിയ്ക്ക് നൽകുകയോ ചെയ്തിട്ടില്ല. എല്ലാ വീടുകൾക്കും ഗാർഹിക കുടിവെള്ള കണക്ഷൻ ലഭ്യമാക്കുന്നതിനുള്ള ജൽജീവൻ പദ്ധതി നടപ്പാക്കാൻ അടിയന്തിര നടപടികൾ

സ്വീകരിക്കേണ്ടതായിരുന്നുവെങ്കിലും അപ്രകാരം ചെയ്തിട്ടില്ല.

എല്ലാ ഗ്രാമീണ കുടുംബങ്ങൾക്കും പൊതുസ്ഥാപനങ്ങൾക്കും ദീർഘ കാലാടിസ്ഥാനത്തിൽ ശുദ്ധജല സുരക്ഷയും, കുടിവെള്ള ലഭ്യതയും ഉറപ്പാക്കുകയെന്ന ലക്ഷ്യം കൈവരിക്കുന്നതിന് ഗ്രാമപഞ്ചായത്തിന് ഇനിയും ഏറെ ദൂരം മുൻപോട്ട് പോകേണ്ടതുണ്ട്. അതിനാവശ്യമായ സത്വര നടപടികൾ സ്വീകരിയ്ക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 2-1 അർദ്ധവാർഷിക വരുമാനത്തിനനുസൃതമായി തൊഴിൽ നികുതി ഈടാക്കിയില്ല

27.06.2024 തീയതിയിലെ സ.ഉ.(സാധാ)നാം.1149/2024/lsgd നമ്പർ ഉത്തരവ് പ്രകാരം പരിഷ്കരിച്ച സ്ലാബിനനുസൃതമായി 2024-25 സാമ്പത്തിക വർഷത്തെ രണ്ടാം അർദ്ധവർഷം മുതൽ തൊഴിൽ നികുതി പുതുക്കിയ നിരക്കിലാണ് ഈടാക്കേണ്ടത്. എന്നാൽ പഞ്ചായത്തിന്റെ തൊഴിൽ നികുതി സംബന്ധിച്ച രജിസ്റ്ററും ഫയലുകളും പരിശോധിച്ചതിൽ രണ്ടാം അർദ്ധവർഷം പുതുക്കിയ നിരക്കിന് അനുസൃതമായി തൊഴിൽ നികുതി ഈടാക്കാത്ത ജീവനക്കാരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ക്രമ നം. | ജീവനക്കാരന്റെ പേര് | സ്ഥാപനം | സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള അടിസ്ഥാന ശമ്പളം | അർദ്ധ വാർഷിക വരുമാനം | ഈടാക്കേണ്ട നികുതി | ഈടാക്കിയ നികുതി | രസീത് നം / തീയതി | നഷ്ടം |
|---|---|---|---|---|---|---|---|---|
| 2 | നിഷ മറിയം ജോസഫ് | ക്രൈസ്റ്റ് ചർച്ച് വിദ്യാപീഠം, കോടുകുളഞ്ഞി | 13,481 | 80,886 | 750 | 450 | 1070646/25/ 23.04.25 | 300 |
| 3 | മഞ്ജു എലിസബത്ത് | | 12,350 | 74,100 | 750 | 450 | | 300 |
| 4 | ബിജു പി.എം. | | 12,609 | 75,654 | 750 | 450 | | 300 |
| 5 | എലിസബത്ത് ജോളി | | 12,609 | 75,654 | 750 | 450 | | 300 |
| 6 | ആനി ഒ.എസ്. | | 13,045 | 78,270 | 750 | 450 | | 300 |
| 7 | ശില്പ ശശിധരൻ | | 12,303 | 73,818 | 750 | 450 | | 300 |
| 8 | ശിശികല | | 9,991 | 59,946 | 750 | 300 | | 450 |
| 9 | വിദ്യ പി.എം. | | 9,991 | 59,946 | 750 | 300 | | 450 |
| 10 | ജ്യോതിർമയി | | 10,228 | 61,368 | 750 | 300 | | 450 |
| 11 | വൃന്ദ രാധാകൃഷ്ണൻ | | 9,686 | 58,116 | 750 | 300 | | 450 |
| 12 | സരിത | | 9,686 | 58,116 | 750 | 300 | | 450 |
| 13 | രേഷ്മ | | 9,686 | 58,116 | 750 | 300 | | 450 |
| 14 | ജഷ്ന ലത്തീഫ് | | 9,686 | 58,116 | 750 | 300 | | 450 |
| 15 | അജിത കുമാരി | | 9,686 | 58,116 | 750 | 300 | | 450 |
| 16 | റേച്ചൽ | | 9,686 | 58,116 | 750 | 300 | | 450 |
| 17 | ഷിജിന | | 9,686 | 58,116 | 750 | 300 | | 450 |
| 18 | ഗിരിജ | | 8,236 | 49,416 | 750 | 300 | | 450 |
| 19 | രജനി | | 8,236 | 49,416 | 750 | 300 | | 450 |
| 21 | ഷിബു തോമസ് | | 8,129 | 48,774 | 750 | 300 | | 450 |
| 22 | മഞ്ചു | | 7,240 | 43,440 | 600 | 300 | | 300 |
| 23 | അനിത | | 7,240 | 43,440 | 600 | 300 | | 300 |
| 24 | സ്പിതി | | 7,240 | 43,440 | 600 | 300 | | 300 |
| 25 | ഗീത കുമാരി | | 8,000 | 48,000 | 750 | 300 | | 450 |
| 26 | സവിത | | 9,000 | 54,000 | 750 | 300 | | 450 |
| 27 | ബ്ലസി | | 8,000 | 48,000 | 750 | 300 | | 450 |
| 28 | വിജി | | 9,000 | 54,000 | 750 | 300 | | 450 |
| 29 | അനവദ്യ | | 9,000 | 54,000 | 750 | 300 | | 450 |
| 1 | വന്ദന | ശ്രീ രാഗം ഫിനാൻസേഴ്സ് ആല | | 60,000 | 750 | 320 | RGO40804-25000998/ 18.08.2025 | 430 |
| 2 | രമ്യ ചന്ദ്രൻ | | | 60,000 | 750 | 320 | | 430 |
| 1 | ബിന്ദു എം.എസ്. | ശ്രീ രാഗം ഫിനാൻസേഴ്സ് | | 60,000 | 750 | 320 | RGO40804-25000998/ | 430 |

| | | | | | | | |
|---|---|---|---|---|---|---|---|
| 2 | ബിജി | നെടുവരംകോട് | 60,000 | 750 | 320 | 18.08.2025 | 430 |
| ആകെ | | | | | | | 12520 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.14/25.10.2025) മറുപടി ലഭ്യമാക്കിയില്ല. മേൽ പരാമർശിച്ച സ്ഥാപനങ്ങളിൽ നിന്നും കുറവ് വന്ന തൊഴിൽ നികുതി 12,520/- രൂപ ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ക്വട്ടേഷൻ/ടെൻഡർ നടപടികൾ സ്വീകരിച്ചപ്പോൾ കുറഞ്ഞ നിരക്ക് പരിഗണിച്ചില്ല

2024-25 സാമ്പത്തികവർഷം വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പട്ടിക ജാതി വിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾക്ക് വാട്ടർ ടാങ്ക് വാങ്ങി നൽകുകയുണ്ടായി. പദ്ധതി വിശദാംശം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ടിന്റെ പേര്, നമ്പർ | പി.വി.സി.വാട്ടർ ടാങ്ക് വാങ്ങൽ.<br>So104/2025 |
| ഫണ്ടിനം | സി.എഫ്.സി- 262100<br>തനത് ഫണ്ട്-287900<br>ഗുണഭോക്തൃ വിഹിതം-110000 |
| അടങ്കൽ | 550750 |
| ചെലവ് | 440980-സി.എഫ്.സി-262100<br>തനത് ഫണ്ട്-282879<br>ഗുണഭോക്തൃ വിഹിതം-110000 |
| | സാംഗ്ഷൻ നമ്പർ-476, 06.03.25-148200 |
| | സാംഗ്ഷൻ നമ്പർ-471, 06.03.25-49500 |
| | സാംഗ്ഷൻ നമ്പർ-522,12.03.25-98800 |
| | സാംഗ്ഷൻ നമ്പർ-523, 12.03.25-33000 |
| | സാംഗ്ഷൻ നമ്പർ-580, 324.03.25-83980 |
| | സാംഗ്ഷൻ നമ്പർ-581,24.03.2025-27500 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |

മേൽ പദ്ധതിയ്ക്കായി പരസ്യപ്പെടുത്തിയ ടെൻഡർ നോട്ടീസിൽ 500 ലിറ്റർ ശേഷിയുള്ള സിലിണ്ട്രിക്കൽ ആകൃതിയിലുള്ള 880 എം.എം. ഡയമീറ്റർ 950 എം.എം ഉയരമുള്ള മാൻഹോൾ ഡയമീറ്റർ 400 എം.എം അളവിലെ കറുപ്പ് അല്ലെങ്കിൽ വെളുപ്പ് നിറത്തിലുള്ള പി.വി.സി.ഫുഡ് ഗ്രേഡ് വിർജിൻ പോളിമെർ 3 ലെയർ, ഐ.എസ്.ഐ. നിലവാരത്തിലുള്ളവയായിരിക്കണമെന്ന് നിഷ്കർഷിച്ചിരുന്നു.

3 സ്ഥാപനങ്ങൾ തുക കോട്ട് ചെയ്ത് ടെൻഡർ സമർപ്പിച്ചിരുന്നു. 15.02.2025 തീയതിയിലെ ഭരണസമിതി യോഗത്തിന്റെ 7(2) നമ്പർ തീരുമാനപ്രകാരം തയ്യാറാക്കിയ ടെൻഡർ ടാബുലേഷൻ നിരക്കിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| സ്ഥാപന വിലാസം | നിരക്ക് |
|---|---|
| **സജീവ്.കെ.വി<br>സൗത്ത് അൻ പോളിമേഴ്സ്,** | **3295** |
| **മാനേജർ പ്രീമിയം പോളിമേഴ്സ്, തമിഴ് നാട്** | **4250** |
| **കെ.രാജശേഖരൻ<br>പൊന്നക്കാത്ത് ഏജൻസീസ്, കായംകുളം** | **3315** |

രേഖകൾ വിശദമായി പരിശോധിച്ചതിൽ കെ.രാജശേഖരൻ, പൊന്നാരത്ത് ഏജൻസീസ്, കായംകുളം എന്ന സ്ഥാപന ഉടമ ഒരു ടെൻഡർ ഫോമിൽ രണ്ട് നിരക്ക് രേഖപ്പെടുത്തിയതായി ശ്രദ്ധയിൽപ്പെട്ടു. മേൽ രേഖപ്പെടുത്തിയ നിരക്കിനെ കൂടാതെ 3 ലയറുള്ള പി.വി.സി.ഫുഡ് ഗ്രേഡ് വിർജിൻ പോളിമെർ വെള്ള നിറമുള്ള ടാങ്കിന് ടിയാൾ 2975 രൂപയും ടെൻഡർ ഫോമിൽ കോട്ട് ചെയ്തിരുന്നു. എന്നാൽ ടിയാൾ ആദ്യം കോട്ട ചെയ്ത 2 ലയറുള്ള പി.വി.സി.ഫുഡ് ഗ്രേഡ് വിർജിൻ പോളിമെർ കറുത്ത നിറമുള്ള ടാങ്കിന്റെ വില മാത്രമാണ് പരിഗണിച്ച് ടാബുലേഷൻ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയത്.

സജീവ്, സൗത്ത് ഇൻ പോളിമേർസ് കോട്ട് ചെയ്ത 2 ലെയർ ഉള്ള പോളിമെർ ടാങ്കാണ് പദ്ധതി പ്രകാരമുള്ള വിതരണത്തിന് വേണ്ടി വാങ്ങിയത്. ടാങ്ക് നിർമ്മിതി പി.വി.സി.ഫുഡ് ഗ്രേഡ് വിർജിൻ പോളിമർ 3 ലെയർ ആയിരിക്കണമെന്ന് ടെൻഡർ നോട്ടീസിൽ പ്രത്യേകം വ്യക്തമാക്കിയിട്ടുണ്ടായിരുന്നുവെങ്കിലും പ്രസ്തുത ടെൻഡർ നിബന്ധനകൾ ലംഘിച്ചാണ് 2 ലെയറുകളുള്ള വാട്ടർ ടാങ്കുകൾ പദ്ധതിയ്ക്കായി വാങ്ങൽ നടത്തിയതെന്ന് പരിശോധനയിൽ വ്യക്തമായി.

കെ.രാജശേഖരൻ, പൊന്നാരത്ത് ഏജൻസീസ്, കായംകുളം എന്ന സ്ഥാപനം 3 ലയറുള്ള വെള്ള വാട്ടർ ടാങ്ക് നികുതിയുൾപ്പടെ 2975 രൂപയ്ക്ക് കോട്ട് ചെയ്തിരുന്നത് പരിഗണിക്കാതെ സജീവ്, സൗത്ത് ഇൻ പോളിമേർസ് കോട്ട് ചെയ്ത 2 ലെയർ ഉള്ള പോളിമെർ ടാങ്കിന് 3295 രൂപ നിരക്കിൽ വാങ്ങിയത് കാരണം പദ്ധതി നിർവ്വഹണത്തിൽ അധിക ചെലവുണ്ടായി.പദ്ധതി പ്രകാരമുള്ള 134 വാട്ടർ ടാങ്ക് വാങ്ങിയ വകയിൽ 42880 രൂപ നിർവ്വഹണത്തിൽ അധിക ചെലവുണ്ടായതായി ഓഡിറ്റ് നിജപ്പെടുത്തുന്നു. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി നൽകിയില്ല.(ഓഡിറ്റ് എൻക്വയറി 11/25 തീയതി: 23.10.2025).

സ്റ്റോർ പർച്ചേസ് മാന്വൽ 2013 (ജി.ഒ.(പി) നം. 03/2013 /എസ്.പി.ഡി. തീയതി.21.06.2013 േപ്രകാരം സാധന/ സേവന സമാഹരണത്തിൽ കാര്യക്ഷമത, മിതവ്യയത്വം, ഉത്തരവാദിത്വം എന്നിവ ഉറപ്പാക്കുവാൻ മാന്വലിലെ മാനദണ്ഡങ്ങൾക്ക് വിധേയമാക്കണം എന്ന് ഖണ്ഡിക (1.3) ൽ പ്രതിപാദിക്കുന്നുണ്ട്. പ്രസ്തുത വാങ്ങലിൽ മിതവ്യയത്വം പാലിച്ചതായി കാണുന്നില്ല. സ്റ്റോർ പർച്ചേസ് നിയമവും ചട്ടങ്ങളും ബന്ധപ്പെട്ട നിർദ്ദേശങ്ങളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും ബാധകമാണ് എന്നിരിക്കെ മേൽ സൂചിപ്പിച്ച സേവന സമാഹാരങ്ങൾക്ക് പ്രസ്തുത വ്യവസ്ഥകൾ ബാധകമാക്കാതിരുന്നതുകാരണം വാങ്ങലിൽ ഉണ്ടായ 42880 രൂപയുടെ അധിക ചെലവ് അംഗീകരിക്കുന്നില്ല. വാങ്ങലിൽ ഉണ്ടായ അധിക ചെലവ് നിർവ്വഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് സെക്രട്ടറിയിൽ നിന്ന് ഈടാക്കി ഒടുക്കുവരുത്തി ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്.

## ഭാഗം -4
## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 മെഡിസെപ്പ് പ്രീമിയം ഒടുക്കിയതിന്റെ വിവരം

**1) മെഡിസെപ്പ് പ്രീമിയം ഒടുക്ക് – റഗുലർ ജീവനക്കാർ**

| ഓഡിറ്റ് വർഷത്തെ ജീവനക്കാരുടെ എണ്ണം | മെഡിസെപ്പ് പ്രീമിയമിനത്തിൽ ഈടാക്കിയ തുക | മെഡിസെപ്പ് പ്രീമിയമിനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|
| 12 | 60,000 | 60,000 | 0 | |

2) **മെഡിസെപ്പ് പ്രീമിയം ഒടുക്ക് – (1.4.24 മുതൽ 30.6.24 വരെ സർവ്വീസിൽ പ്രവേശിച്ച റഗുലർ ജീവനക്കാർ)**

**ഇല്ല**

**3) മെഡിസെപ്പ് പ്രീമിയം ഒടുക്ക് – (1.7.24 ൽ സർവ്വീസിൽ പ്രവേശിച്ച റഗുലർ ജീവനക്കാർ)**

**ഇല്ല**

4) **മെഡിസെപ്പ് പ്രീമിയം ഒടുക്ക് – (1.8.24 മുതൽ 31.3.25 വരെ സർവ്വീസിൽ പ്രവേശിച്ച റഗുലർ ജീവനക്കാർ)**

| ജീവനക്കാരുടെ എണ്ണം | സർവീസിൽ പ്രവേശിച്ച മാസം | മെഡിസെപ്പ് പ്രീമിയമിനത്തിൽ ഈടാക്കിയ തുക(07/2022 മുതൽ അല്ലെങ്കിൽ 07/2024 മുതലുള്ള കുടിശ്ശിക ഉൾപ്പെടെ) | മെഡിസെപ്പ് പ്രീമിയമിനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|---|
| 1 | ഫെബ്രുവരി | 1,000 | 0 | 1,000 | |

### 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2024-25 | 1,55,000 | നെൽകൃഷി വികസനം | 1,55,000 | 0 |
| | | 1,49,000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് | 1,49,000 | 0 |

| | | | | | |
|---|---|---|---|---|---|
| | | | സ്കോളർഷിപ്പ് | | |
| | | 21,498 | പാലിന് സബ്സിഡി | 21,498 | 0 |
| ആകെ | | 3,25,498 | | 3,25,498 | |
| ജില്ലാ പഞ്ചായത്ത് | 2024-25 | 5,00,000 | നെൽകൃഷി വികസനം | 5,00,000 | 0 |
| | | 2,29,500 | നെൽകൃഷി വികസനം | 2,29,500 | 0 |
| | | 84,000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകൽ | 84,000 | 0 |
| | | 88,825 | അങ്കണവാടി അനുപൂരക പോഷകാഹാരം | 88,825 | 0 |
| | | 50,000 | പാലിന് സബ്സിഡി | 50,000 | 0 |
| ആകെ | | 9,52,325 | | 9,52,325 | |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രോജക്ട് നമ്പരും പേരും | നിക്ഷേപിച്ച തുക (രൂപ) | ചെലവ് (രൂപ) | ബാക്കി (രൂപ) | ബിൽ/ വൌച്ചർ വിവരം |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | S0150/25, ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ രണ്ടാം ഘട്ടം | 34,275 (സി.എഫ്.സി ഗ്രാന്റ്) | 0 | 34,275 (സി.എഫ്.സി ഗ്രാന്റ്) | |
| കെ.എസ്.ഇ.ബി | S0148/25, എം.സി.എഫിന് വൈദ്യുതി കണക്ഷൻ | 46,388 (സി.എഫ്.സി ഗ്രാന്റ്) | 0 | 46,388 (സി.എഫ്.സി ഗ്രാന്റ്) | |
| ഭൂജല വകുപ്പ് | S0151/25, വാർഡ് 2-ലെ നാലാം നമ്പർ അങ്കണവാടി, വാർഡ് 5 ലെ പന്ത്രണ്ടാം നമ്പർ അങ്കണവാടി, വാർഡ് 10-ലെ ആറാം നമ്പർ അങ്കണവാടി, എം.സി.എഫ് എന്നിവയ്ക്ക് കുഴൽ കിണർ നിർമ്മാണം | 2,10,740 (സി.എഫ്.സി ഗ്രാന്റ്) | 0 | 2,10,740 (സി.എഫ്.സി ഗ്രാന്റ്) | 863438/ 20.08.24 |
| | ആകെ | | | 2,91,403 | |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ/വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | 2024-25 വായ്പ തുക (രൂപ) | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക (രൂപ) | തൻവർഷം തിരിച്ചടച്ച തുക(രൂപ) | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക(രൂപ) |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| കെ.യു.ആർ. ഡി.എഫ്.സി | - | 67,62,874 | 11,94,434 | 6,53,875 | | 73,03,433 |

**4-6 സ്ഥിര നിക്ഷേപം**

ഇല്ല

**4-7 ഓഡിറ്റ് റിക്കവറി**

ഈയിനത്തിൽ തൻവർഷം വരവില്ല

**4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്**

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2007-08 | 4.1.5 | 2014-15 | 4.1.5 | പേപ്പർ കപ്പ്, പ്ലേറ്റ് നിർമ്മാണ ഉപകരണങ്ങൾ വാങ്ങൽ, പേപ്പർ ബാഗ് തുണിബാഗ് യൂണിറ്റ് ഉപകരണങ്ങൾ വാങ്ങൽ, കാറ്ററിംഗ് പരിശീലന പദ്ധതി എന്നിവയുടെ നടത്തിപ്പ് സംബന്ധിച്ച് പരാതി | ബഹു. കോട്ടയം വിജിലൻസ് കോടതിയിൽ വിചാരണ നടന്നുകൊണ്ടിരിക്കുന്നു. |

**4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം**

ഇല്ല

**4-10 ഓഡിറ്റ് പ്രത്യവലോകനം**

(എ) **സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (രൂപ) | 4,33,10,033 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് (രൂപ) | 3,30,91,926 |
| വരവിനങ്ങളിലുള്ള നഷ്ടം (രൂപ) | 12,520 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക (രൂപ) | 42,880 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക (രൂപ) | 9,56,732 |

(ബി) **പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക (രൂപ) | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 (1-11) | 12,520 | | ശ്രീ.ഉണ്ണികൃഷ്ണപിള്ള പി.ജി., സെക്രട്ടറി |
| 3-1(1-18) | | 42,880 | ശ്രീ.ജയൻ ഡി.നായർ, അസിസ്റ്റന്റ് സെക്രട്ടറി |

| | | | |
|---|---|---|---|
| ആകെ | 12,520 | 42,880 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-17 | 5,44,979 | ശ്രീ.ജയൻ ഡി.നായർ,<br>അസിസ്റ്റന്റ് സെക്രട്ടറി |
| 1-19 | 20,350 | ഡോ.അനിൽ പിള്ള,<br>മെഡിക്കൽ ഓഫീസർ |
| 1-22 | 3,91,403 | ശ്രീ.ഉണ്ണികൃഷ്ണപിള്ള പി.ജി.,<br>സെക്രട്ടറി |
| ആകെ | 9,56,732 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.പി.ജി.ഉണ്ണികൃഷ്ണ പിള്ള, സെക്രട്ടറി | സെക്രട്ടറി, പേരയം ഗ്രാമ പഞ്ചായത്ത് | പനയ്ക്കാട്ട് വീട്, കോയിക്കൽ മുറി, കൊല്ലം |
| ശ്രീ.ജയൻ ഡി. നായർ, അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി, ദേലംപാടി ഗ്രാമ പഞ്ചായത്ത്, കാസർകോട് | ജയനിലയം, മുളക്കുഴ, ആലപ്പുഴ |
| ഡോ.അനിൽ പിള്ള, മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി) | മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി), പെണ്ണൂക്കര | ഫ്ലാറ്റ് നം.5 എ), ഡോക്ടേഴ്സ് വില്ലേജ്, ഒരുവാതിൽകോട്ട, അനയിറ പി.ഒ., തിരുവനന്തപുരം |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1990-91 | എൽ.എഫ്.എ 8/706/98/11.09.1997 |
| 1993-94 | എൽ.എഫ്.എ 184/05/5.8.05/30.09.05 |
| 1994-95 | എൽ.എഫ്.എ 247/05/09.09.2005 |
| 1995-96 | എൽ.എഫ്.എ 248/05//09.09.05/30.09.05 |
| 2000-01 | എൽ.എഫ്.എ 8/1483/07/22.05.2008 /04.06.2008 |
| 1996-97 | എൽ.എഫ്.എ 8/157/97/31.12.1999 |
| 1996-97 | എൽ.എഫ്.എ 8/395/01/03.07.2001 /03.08.2001 |
| 1997-98 | എൽ.എഫ്.എ 8/395/( 1 )/01.07.2011 |
| 1998-99 | എൽ.എഫ്.എ 8/334/02/04.09.2002 /08.10.2002 |
| 2000-01, 2002-03 | എൽ.എഫ്.എ 8/611/04/12.10.2004(പ്ലാൻ ഫണ്ട്) |
| 2001-02 (പ്ലാൻ ഫണ്ട് | എൽ.എഫ്.എ 11 /1407/15.04.2008 /20.04.2008 |

| | |
|---|---|
| ഒഴികെ) | |
| 2002-03 | എൽ.എഫ്.എ 11/1485/07/15.04.2008 /20.04.2008 |
| 2003-04 | എൽ.എഫ്.എ 11/765/09/08.03.2010 |
| 2004-05 | എൽ.എഫ്.എ 11/766/09/09.04.2010 |
| 2005-06 | എൽ.എഫ്.എ 11/767/09/09.04.2010 |
| 2006-07 | എൽ.എഫ്.എ 5/1577/13(B) GP Adalath/22.05.2014 |
| 2007-08 | എൽ.എഫ്.എ 5/1577/13(B) GP Adalath/22.05.2014 |
| 2008-09 | എൽ.എഫ്.എ 5/1577/13(B) GP Adalath/22.05.2014 |
| 2009-10 | എൽ.എഫ്.എ 5/1577/13(B) GP Adalath/22.05.2014 |
| 2010-11& 2011-12, 2012-13, 2013-14, 2014-15, 2015-16 | കെ.എസ്.എ-എ.എൽ.പി. – പി- 5/1582 /2022/ 02.05.2023 (അദാലത്ത് റിപ്പോർട്ട്) |
| **2016-17** | കെ.എസ്.എ-എ.എൽ.പി -പി 5-1129/17 /02.05.2018 |
| 2017-18 | കെ.എസ്.എ-എ.എൽ.പി-പി 5-1647/18 /03.01.2019 |
| 2018-19 | കെ.എസ്.എ-എ.എൽ.പി-പി5-1003/2019/27.09.2019 |
| 2019-20 | കെ.എസ്.എ-എ.എൽ.പി-പി5-792/2021 /24.09.2021 |
| 2020-21 | കെ.എസ്.എ.–എ.എൽ.പി-പി5-793/2021/24.09.2021 |
| 2021-22 | കെ.എസ്.എ.-എ.എൽ.പി-പി5-1124/2022/ 30.09.2022 |
| 2022-23 | കെ.എസ്.എ.-എ.എൽ.പി-പി5/1153 /2023/07.11.2023 |
| 2023-24 | കെ.എസ്.എ-എ.എൽ.പി/പി 5 - 994/2024/ 19.12.2024 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

**Annexure-1**
**Audit Certificate**

i. I have audited the attached Financial statements approved vide resolution number 1 dated 1 dated 04-06-2025 and submitted on 09-06-2025 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2025 and Balance sheet as on 31-03-2025 , with supporting forms, of the Ala Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.
ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.
iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,
I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2024-2025 and Financial position of Ala Grama Panchayat as on 31-03-2025

**Date: 16/12/2025** **Deputy Director**

**Kerala State Audit Department**

**Audit Report appended to the Audit Certificate of Ala Grama Panchayat for the Year 2024-2025.**

**1.Major Observations**

1) Asset and liability in respect of loan included in B-16 , B-5 schedule varies with one another.
2) Receipt of CFC grant does not match with ACR and AFS.
3) Expenditure in respect of Development fund general and CFC grant does not match with AFS and Sulekha expenditure repot.

**2.Other Observations**

1) Amount included in respect of closing balance of bidders EMD varies with deposit register and balance sheet.

Deputy Director

**അനുബന്ധം-2**
**ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം**

ആലപ്പുഴ ജില്ലയിലെ ആല ഗ്രാമപഞ്ചായത്തിന്റെ 2024-2025 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്